**പതിമൂന്നാം കേരള നിയമസഭ**

# പ്രവാസി മലയാളികളുടെ ക്ഷേമം സംബന്ധിച്ച സമിതി
# (2011-2014)

**അഞ്ചാമത് റിപ്പോർട്ട്**

(2014 ജനുവരി 29-ാം തീയതി സമർപ്പിച്ചത്)

(2010 ജൂലൈ 31 മുതൽ 2013 മേയ് 31 വരെ
പരിഗണിച്ച ഹർജികൾ സംബന്ധിച്ച്)

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2014

പതിമൂന്നാം കേരള നിയമസഭ

# പ്രവാസി മലയാളികളുടെ ക്ഷേമം സംബന്ധിച്ച സമിതി
**(2011-2014)**

## അഞ്ചാമത് റിപ്പോർട്ട്

(2014 ജനുവരി 29-ാം തീയതി സമർപ്പിച്ചത്)

(2010 ജൂലൈ 31 മുതൽ 2013 മേയ് 31 വരെ
പരിഗണിച്ച ഹർജികൾ സംബന്ധിച്ച്)

226/2014.

# ഉള്ളടക്കം


| | | പേജ് |
|---|---|---|
| സമിതിയുടെ ഘടന | .. | v |
| ആമുഖം | .. | vii |
| റിപ്പോർട്ട് | .. | 1 |
| അനുബന്ധം : | | |
| I. സമിതിയുടെ പരിഗണനയിലുള്ള ഹർജികൾ സംബന്ധിച്ച സ്റ്റേറ്റ്മെന്റ് | .. | 13 |
| II. റിപ്പോർട്ട് വിവരം ഹർജിക്കാരെ അറിയിച്ച് നടപടി അവസാനിപ്പിച്ച ഹർജികൾ സംബന്ധിച്ച സ്റ്റേറ്റ്മെന്റ് | .. | 22 |

## സമിതിയുടെ ഘടന

അദ്ധ്യക്ഷൻ :

ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി

അംഗങ്ങൾ :

ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി

,, കെ. വി. അബ്ദുൾ ഖാദർ

,, പി. ബി. അബ്ദുൾ റസാക്

,, പി. എ. മാധവൻ

,, റ്റി. വി. രാജേഷ്

,, കെ. ശിവദാസൻ നായർ

,, വി. എസ്. സുനിൽ കുമാർ

,, തോമസ് ചാണ്ടി.

നിയമസഭാ സെക്രട്ടേറിയറ്റ് :

ശ്രീ. പി. ഡി. ശാരംഗധരൻ, സെക്രട്ടറി

ശ്രീമതി എസ്. ജയന്തി, ജോയിന്റ് സെക്രട്ടറി

ശ്രീ. എ. ഷാജഹാൻ, ഡെപ്യൂട്ടി സെക്രട്ടറി

,, സി. ശശികുമാർ, അണ്ടർ സെക്രട്ടറി.

# ആമുഖം

പ്രവാസി മലയാളികളുടെ ക്ഷേമം സംബന്ധിച്ച സമിതിയുടെ അദ്ധ്യക്ഷനായ ഞാൻ, സമിതി അധികാരപ്പെടുത്തിയതനുസരിച്ച് സമിതിയുടെ അഞ്ചാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

31-7-2010-ന് രൂപീകൃതമായ പ്രവാസി മലയാളികളുടെ ക്ഷേമം സംബന്ധിച്ച സമിതി (2010-11) പരിഗണിച്ച ഹർജികളും, 20-10-2011-ൽ രൂപീകൃതമായ നിലവിലെ (2011-2014) സമിതി 2013 മേയ് മാസം 31 വരെ പരിഗണിച്ച ഹർജികളുടെ വിവരങ്ങളുമാണ് ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

റിപ്പോർട്ട് കാലയളവിൽ 2010-11-ലെ സമിതി 5 യോഗങ്ങളും 2011-14-ലെ സമിതി 38 യോഗങ്ങളും ചേർന്നിട്ടുണ്ട്.

വിദേശത്തും ഇന്ത്യയിലെ ഇതര സംസ്ഥാനങ്ങളിലും തൊഴിൽചെയ്യുന്ന പ്രവാസികളുടെയും, ആയുസും ആരോഗ്യവും അന്യനാടുകളിൽ ഹോമിച്ചുകഴിഞ്ഞ് വിവിധ പ്രശ്നങ്ങളാൽ തൊഴിൽ നഷ്ടപ്പെട്ട് നാട്ടിൽ മടങ്ങിയെത്തി ദാരിദ്ര്യം, രോഗം, വാർദ്ധക്യം മുതലായവമൂലം കഷ്ടപ്പെടുന്ന മുൻ പ്രവാസി മലയാളികളുടെയും ക്ഷേമത്തിനായി നോർക്ക-റൂട്ട്സ്, പ്രവാസി കേരളീയ ക്ഷേമബോർഡ് എന്നീ ഏജൻസികൾ മുഖേന സംസ്ഥാന സർക്കാർ നടപ്പാക്കിവരുന്ന വിവിധ ക്ഷേമപദ്ധതികളുടെ പ്രവർത്തനപുരോഗതി അവലോകനം ചെയ്യുന്നതിനായി സമിതി വിവിധ സ്ഥലങ്ങൾ സന്ദർശിച്ച് പ്രവാസി മലയാളികളുടെ ക്ഷേമത്തിനായി പ്രവർത്തിക്കുന്ന സംഘടനകളുടെ പ്രതിനിധികളുമായും വ്യക്തികളുമായും ചർച്ച നടത്തുകയും അവരിൽ നിന്നുള്ള പരാതികളും നിർദ്ദേശങ്ങളും സ്വീകരിക്കുകയും ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽ നിന്ന് തെളിവെടുപ്പ് നടത്തുകയും ചെയ്തിട്ടുണ്ട്.

സമിതിക്ക് ലഭിച്ച ഹർജികളുടെ വിവരവും അവ സംബന്ധിച്ച് ഗവൺമെന്റിൽ നിന്നും ലഭിച്ച റിപ്പോർട്ടുകളും അതിന്മേൽ സമിതിയുടെ അഭിപ്രായങ്ങളും നിഗമനങ്ങളും തീരുമാനങ്ങളും ശുപാർശകളും ഉൾക്കൊള്ളുന്നതാണ് ഈ റിപ്പോർട്ട്.

2014 ജനുവരി 23-ാം തീയതി കൂടിയ സമിതി യോഗം ഈ റിപ്പോർട്ട് അംഗീകരിച്ചു.

അബ്ദുറഹിമാൻ രണ്ടത്താണി,

*അദ്ധ്യക്ഷൻ,*
*പ്രവാസി മലയാളികളുടെ ക്ഷേമം സംബന്ധിച്ച സമിതി.*

തിരുവനന്തപുരം,
2014 ജനുവരി 29.

# റിപ്പോർട്ട്

മനുഷ്യജീവിതത്തെ മുന്നോട്ടുനയിക്കുന്ന പ്രേരകശക്തികളിലൊന്നാണ് ഭാവിയെ കുറിച്ചുള്ള പ്രതീക്ഷകൾ. ആ പ്രതീക്ഷകൾ സഫലമാക്കുന്നതിനുള്ള പ്രതലം തേടിയുള്ള യാത്രയാണ് പ്രവാസം. പ്രവാസ ചരിത്രം മാനവ ചരിത്രത്തോളം പഴക്കമുള്ളതുമാണ്. കൃഷിയും കാലിവളർത്തലും ഉപജീവനോപാധികളാക്കിയിരുന്ന പൂർവ്വികർ ഫലഭൂയിഷ്ഠമായ മണ്ണും പച്ചവിരിച്ച പുൽമേടുകളും തേടി യാത്ര തുടങ്ങിയതോടെ പ്രവാസ ചരിത്രത്തിന് നാന്ദി കുറിക്കപ്പെട്ടു.

2. 19-ാം നൂറ്റാണ്ടിൽ ഇൻഡ്യൻ തൊഴിലാളികൾ, മൗറീഷ്യസ്, ഫിജി, കിഴക്കനാഫ്രിക്ക, ഗിനിയ തുടങ്ങിയ രാജ്യങ്ങളിലേക്ക് കുടിയേറാൻ തുടങ്ങിയതോടെയാണ് ഇൻഡ്യാക്കാരുടെ സംഘടിത പ്രവാസ ജീവിതം ആരംഭിക്കുന്നത്. കാലാന്തരത്തിൽ ഇൻഡ്യാക്കാർ സിലോണിനെയും, ബർമ്മയേയും തുടർന്ന് സിങ്കപ്പൂരിനേയും മലേഷ്യയേയും തങ്ങളുടെ സ്വപ്നം വിളയുന്ന ഭൂമിയായി കരുതി. 1970-കളുടെ തുടക്കത്തിൽ ആരംഭിച്ച പേർഷ്യൻ യാത്രകൾ നമ്മുടെ സാമൂഹിക ചരിത്രംതന്നെ മാറ്റിയെഴുതുകയും 'ഗൾഫ് യാത്രകൾ' എന്ന പേരിൽ ഇപ്പോഴും അത് അനുസ്യൂതം തുടരുകയും ചെയ്യുന്നു.

3. വളരെയധികം വിവേചനങ്ങളും അവഗണനകളും കഷ്ടതകളും സഹിച്ച് ഇരുപത്തിയൊന്ന് വർഷം പ്രവാസ ജീവിതം നയിച്ച ആളായിരുന്നു ആദരണീയനായ നമ്മുടെ "രാഷ്ട്ര പിതാവ്" പോലും എന്നത് പ്രവാസ ജീവിതത്തിന്റെ ചരിത്ര പ്രാധാന്യംകൂടിയാണ് വ്യക്തമാക്കുന്നത്. നമ്മുടെ രാജ്യത്തിലെ പൗരൻമാരിൽ 1.2 കോടിയിലധികം പേർ ഇന്ന് പ്രവാസ ജീവിതം നയിക്കുന്നവരാണ്. 2011-12 സാമ്പത്തികവർഷം പ്രവാസി ഭാരതീയർ ഇൻഡ്യയിലേക്കയച്ചത് ഏകദേശം 3.5 ലക്ഷം കോടി രൂപയാണ്. പ്രവാസി നിക്ഷേപത്തിലെ പ്രഥമ സ്ഥാനം 2012-13 സാമ്പത്തികവർഷത്തിലും ഇൻഡ്യ നിലനിർത്തുമെന്ന് കണക്കുകൾ വ്യക്തമാക്കുന്നു.

4. ലോക പ്രവാസ ചരിത്രത്തോളംതന്നെ പഴക്കവും പ്രാധാന്യവുമുണ്ട് മലയാളികളുടെ പ്രവാസ ചരിത്രത്തിനും. ഒരുഭാഗത്ത് സമുദ്രത്താലും മറുഭാഗത്ത് പർവ്വതത്താലും ചുറ്റപ്പെട്ട ഈ ഭൂവിഭാഗത്തിലെ ജനങ്ങൾക്ക് ഇവയ്ക്ക് രണ്ടിനുമപ്പുറത്തുള്ള ലോകത്തെക്കുറിച്ചറിയാനുള്ള ഉത്കണ്ഠ ജന്മസിദ്ധമായിരുന്നു. പൗരാണിക കാലം മുതൽക്കുതന്നെ മലയാളികൾ മറുനാടുകളിലേക്ക് ഒറ്റപ്പെട്ട കുടിയേറ്റങ്ങൾ നടത്തിയിട്ടുണ്ട്. 1930-കളിലെ വൻ സാമ്പത്തികമാന്ദ്യത്തിന്റെ കാലത്ത് സിംഗപ്പൂർ, മലേഷ്യ, ശ്രീലങ്ക എന്നിവിടങ്ങളിലേക്കും ഇൻഡ്യയുടെ ഇതര ഭാഗങ്ങളിലേക്കും മലയാളികൾ കൂട്ടമായി ചെന്നെത്താൻ തുടങ്ങിയതോടെ കേരള പ്രവാസ ചരിത്രത്തിന്റെ പ്രഭവകാലം ആരംഭിച്ചു. 1960-കളിൽ ഒറ്റപ്പെട്ട നിലയിൽ തുടങ്ങിയ ഗൾഫിലേക്കുള്ള കുടിയേറ്റം 1970-80-കളിൽ വൻ പ്രവാഹമായി മാറുകയും തുടർന്ന് കേരളത്തിന്റെ സമസ്ത മേഖലകളിലും തിളക്കമാർന്ന പരിവർത്തനം സംഭവിക്കുകയും ചെയ്തു.

5. 2011-ലെ കണക്കുകൾ പ്രകാരം ലോകത്തിലെ വിവിധ രാജ്യങ്ങളിലായി താമസിക്കുന്ന മലയാളികളുടെ എണ്ണം ഏകദേശം 22.8 ലക്ഷമാണ്. ഇന്ത്യയിലെ വിവിധ സംസ്ഥാനങ്ങളിലും കേന്ദ്ര ഭരണ പ്രദേശങ്ങളിലുമായി താമസിക്കുന്ന മലയാളികൾ എത്രയെന്ന് വ്യക്തമായ കണക്കുകൾ ലഭ്യമല്ല. ഡൽഹിയിലും പ്രാന്ത പ്രദേശങ്ങളിലുമായി പത്ത് ലക്ഷത്തിലധികം മലയാളികൾ ഉള്ളതായി കരുതപ്പെടുന്നു. മഹാരാഷ്ട്രയിൽ ഇരുപത് ലക്ഷത്തോളം മലയാളികളുണ്ടെന്ന് കരുതപ്പെടുന്നു. മറ്റ് സംസ്ഥാനങ്ങളിലും മലയാളികളുടെ പരിഗണനീയമായ സാന്നിദ്ധ്യമുണ്ട്.

6. ഇൻഡ്യയിൽ പ്രവാസി നിക്ഷേപത്തിന്റെ കാര്യത്തിൽ ഏറ്റവും മുന്നിൽ നിൽക്കുന്നത് നമ്മുടെ സംസ്ഥാനമാണ്. 2011-ൽ 55000 കോടി രൂപയാണ് പ്രവാസി മലയാളികൾ നാട്ടിലേക്ക് അയച്ചത്. സംസ്ഥാനത്തിന്റെ ആഭ്യന്തര ഉല്പാദനത്തിന്റെ 20 ശതമാനത്തിൽ അധികവും, നികുതി വരുമാനത്തേക്കാൾ 1.8 ശതമാനം കൂടുതലുമാണ് ഈ തുക. സാമ്പത്തികരംഗത്ത് മാത്രമല്ല സംസ്ഥാനത്തിന്റെ എല്ലാ മേഖല കളിലും പ്രവാസി മലയാളികൾ ചെലുത്തുന്ന സ്വാധീനം ഒരു കാരണവശാലും അവഗണിക്കാവുന്നതല്ല. സാമൂഹികവും, സാമ്പത്തികവും, സാംസ്കാരികവും, വിദ്യാഭ്യാസപരവും, രാഷ്ട്രീയവും, ഭാഷാപരവുമായ ഉന്നതിയിലേക്ക് നമ്മുടെ നാടിനെ നയിച്ചത് പ്രവാസി മലയാളികൾ നടത്തിയ ക്ലേശകരമായ പ്രവാസ ജീവിതത്തിന്റെ ഫലമായിരുന്നു.

7. സമസ്തമേഖലകളിലും സാർവ്വത്രികമായ സമത്വം നമുക്ക് സാധ്യമാക്കി യതിന് പിന്നിൽ നമ്മുടെ പ്രവാസികൾക്ക് വലിയ പങ്കുണ്ട്. പ്രവാസി മലയാളികൾ നാട്ടിലേക്കയച്ച പണംകൊണ്ട് സമ്പന്നമായ നമ്മുടെ സമ്പദ്ഘടനയാണ്, കേരളത്തെ ആധുനികമാക്കുന്നതിലും ഏറ്റവുംപിന്നിൽ നിന്നിരുന്ന ഗ്രാമങ്ങളിൽ പോലും വികസനമെത്തിക്കുന്നതിനും സഹായിച്ചത്. കേരളത്തിലെ ജീവിതനിലവാരം ഇന്നത്തെ രീതിയിലേക്ക് ഉയർത്തിക്കൊണ്ടുവരുന്നതിന് വിദേശ മലയാളികൾ നൽകിയ സംഭാവനകൾ വിസ്മരിക്കാവുന്നതല്ല. കേരളത്തെ ബാധിച്ചിരുന്ന സാമൂഹ്യ വിപത്തായ തൊഴിലില്ലായ്മ വലിയതോതിൽ നിയന്ത്രിക്കാനായത് വിദേശ മലയാളികൾ അന്യദേശങ്ങളിൽ കണ്ടെത്തിയ തൊഴിലവസരങ്ങളിലൂടെയാണ്. അന്യനാടുകളിൽ ആരോഗ്യവും ആയുസും മറന്ന് കഠിനാദ്ധ്വാനം ചെയ്യുന്ന മലയാളി സ്വന്തം കുടുംബത്തോടൊപ്പം സ്വന്തം നാടിന്റെ സമൃദ്ധിയും സാമ്പത്തികവളർച്ചയും വികസനവും സ്വപ്നംകണ്ടു. കേരളത്തിൽ പുതിയൊരു ഉപഭോക്തൃസംസ്കാരം വളർത്തിയെടുക്കുന്നതിനും വിസ്മയാവഹമായ സാങ്കേതിക കുതിപ്പ് നേടിയെടുക്കുന്നതിനും വേണ്ടി പ്രവാസി നൽകിയ ധനത്തിനും സഹായത്തിനും ഈ സംസ്ഥാനം എന്നും അവരോട് കടപ്പെട്ടിരിക്കുന്നു.

8. ആരോഗ്യവും ആയുസും അന്യനാടുകളിൽ ഹോമിച്ച് തന്റെ കുടുംബത്തേയും ഒപ്പം നാടിനേയും മുന്നോട്ട് നയിച്ചശേഷം, ആരോഗ്യവും, തുടർന്ന് തൊഴിലും വരുമാനവും നഷ്ടപ്പെട്ട് നാട്ടിൽ മടങ്ങിയെത്തി വാർദ്ധക്യത്തിന്റെയും കഠിനാദ്ധ്വാനത്തിന്റെയും അവശതകളുമായി കഴിഞ്ഞുകൂടുന്ന മുൻകാല പ്രവാസി കളെയും ഈയവസരത്തിൽ വിസ്മരിക്കാവുന്നതല്ല. 2008-ൽ 1.16 ലക്ഷം പ്രവാസി കളും 2011-ൽ 1.15 ലക്ഷം പ്രവാസികളും മടങ്ങിയെത്തിയിട്ടുണ്ട്. വിദേശ രാജ്യങ്ങളിലെ തൊഴിലവസരങ്ങൾ അനന്തമായി നിലനിൽക്കുന്നതല്ലായെന്ന കാര്യം

ഇപ്പോൾ ഏറെക്കുറെ വ്യക്തമാണ്. ഏറ്റവുംകൂടുതൽ പ്രവാസി മലയാളികൾ ജോലി നോക്കുന്ന ഗൾഫ് രാജ്യങ്ങളിൽ ഈയടുത്ത കാലത്തായി കർക്കശമാക്കിയ നിതാഖാത് പോലുള്ള തൊഴിൽ നിയമങ്ങൾ കേരളത്തിലേക്കുള്ള പ്രവാസികളുടെ മടങ്ങിവരവിനെ ശക്തമാക്കിയേക്കാം.

9. ഇത്തരത്തിൽ, ഒരു സംസ്ഥാനത്തിന്റെ സമസ്ത മേഖലകളുടെയും നവോത്ഥാനത്തിനുവേണ്ടി കഠിനാദ്ധ്വാനം ചെയ്തവരും ചെയ്യുന്നവരുമായ പ്രവാസി മലയാളികൾക്ക് അവരുടെ പ്രവാസ ജീവിത കാലയളവിലും അതിന് ശേഷവും ശാന്തവും സമാധാനപരവും സന്തോഷകരവുമായ ഒരു ജീവിതം നയിക്കുന്നതിന് വേണ്ട സംവിധാനങ്ങൾ ഏർപ്പെടുത്തുകയെന്നത് ഒരു ജനക്ഷേമ സർക്കാരിന്റെ പ്രഥമ കർത്തവ്യങ്ങളിലൊന്നാണ്. ആ കർത്തവ്യം നിറവേറ്റുന്നതിന് വേണ്ടിയാണ് പ്രവാസി കേരളീയ കാര്യ വകുപ്പും നോർക്ക റൂട്ട്സ്, പ്രവാസി ക്ഷേമ ബോർഡ് എന്നീ ഏജൻസികളും രൂപീകരിക്കപ്പെട്ടത്.

10. പ്രവാസി കേരളീയ കാര്യ വകുപ്പ് ആവിഷ്കരിക്കുന്നതും നോർക്ക റൂട്ട്സ്, പ്രവാസി കേരളീയ ക്ഷേമ ബോർഡ് എന്നിവവഴി നടപ്പിലാക്കുകയും ചെയ്യുന്ന പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനും ന്യൂനതകൾ പരിഹരിക്കുന്നതിനും ശരിയായ ദിശാബോധത്തോടെ മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നതിനും വേണ്ടിയാണ് പന്ത്രണ്ടാം കേരള നിയമസഭ 31-7-2010-ൽ പ്രവാസി മലയാളികളുടെ ക്ഷേമം സംബന്ധിച്ച സമിതി രൂപീകരിച്ചത്.

11. മൂന്നര വർഷത്തോടടുക്കുന്ന കാലയളവിനുള്ളിൽ, സമിതി പ്രവാസി മലയാളികളുടെയും മടങ്ങിവന്ന പ്രവാസികളുടെയും പ്രശ്നങ്ങളിൽ കാര്യക്ഷമമായി ഇടപെടുകയും പരിമിതികൾക്കുള്ളിൽ നിന്നുകൊണ്ട് അവ പരിഹരിക്കാൻ ശ്രമിക്കുകയും ചെയ്തിട്ടുണ്ട്. അത്തരത്തിൽ സമിതിയുടെ ഇടപെടൽമൂലം അനുകൂലമായി പരിഹരിക്കപ്പെട്ട ഏതാനും പരാതികളാണ് ഈ റിപ്പോർട്ടിലെ ഉള്ളടക്കം. സമിതിയുടെ മുന്നിലുള്ള കർത്തവ്യം കണക്കിലെടുക്കുമ്പോൾ, റിപ്പോർട്ടിൽ പരാമർശിക്കപ്പെടുന്ന പരിഹൃതമായ പരാതികൾ ഒരു വലിയ നേട്ടമാണെന്ന് അവകാശപ്പെടുന്നില്ല. ഒരു മഹത്തായ യാത്രയ്ക്കുള്ള 'ഒരു വിരലൂന്നൽ' മാത്രമാണിതെന്ന് സമിതി കരുതുന്നു.

12. കേരളീയരായ വിമാനയാത്രക്കാരോടുള്ള 'എയർ ഇന്ത്യ'-യുടെ വിവേചനം സംബന്ധിച്ച് സമിതിക്ക് നിരന്തരമായി ലഭിച്ച പരാതികളും പ്രവാസി മലയാളികൾ, പ്രത്യേകിച്ച് ഗൾഫ് മലയാളികൾ അനുഭവിക്കുന്ന യാത്രാദുരിതങ്ങളും നേരിട്ട് ബോധ്യമായ സാഹചര്യത്തിൽ സമിതി, കേരളത്തിൽനിന്നുള്ള കേന്ദ്രമന്ത്രിമാരുമായി ഇത് സംബന്ധിച്ച് ചർച്ച ചെയ്യുന്നതിനും ബഹു. കേന്ദ്ര വ്യോമയാന വകുപ്പുമന്ത്രിക്ക് നിവേദനം സമർപ്പിക്കുന്നതിനും തീരുമാനിക്കുകയും പ്രസ്തുത തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ 3-12-2012-ന് ഡൽഹിയിൽവച്ച് കേന്ദ്രമന്ത്രിമാരായ ശ്രീ. എ. കെ. ആന്റണി, ശ്രീ. വയലാർ രവി, ശ്രീ. ഇ. അഹമ്മദ്, ശ്രീ. കെ. സി. വേണുഗോപാൽ, ശ്രീ. ശശി തരൂർ, ശ്രീ. മുല്ലപ്പള്ളി രാമചന്ദ്രൻ, ശ്രീ. കെ. വി. തോമസ്, ശ്രീ. കൊടിക്കുന്നിൽ സുരേഷ് എന്നിവരുമായും കേരളത്തിൽ നിന്നുള്ള എം.പി.-മാരുമായും സമിതി ചർച്ച നടത്തുകയും ബഹു. കേന്ദ്ര വ്യോമയാന വകുപ്പുമന്ത്രിക്ക് ഇത് സംബന്ധിച്ച നിവേദനം സമർപ്പിക്കുകയും ചെയ്തു.

13. ചർച്ചയെത്തുടർന്ന് തിരുവനന്തപുരം, കൊച്ചി, കോഴിക്കോട്, മംഗലാപുരം എന്നീ വിമാനത്താവളങ്ങളിൽ എയർ ഇന്ത്യയുടെയും എയർ ഇന്ത്യാ എക്സ്പ്രസ്സിന്റെയും യാത്രാക്രമീകരണങ്ങൾ ഉറപ്പുവരുത്തുന്നതിന് നേതൃത്വം നൽകാൻ സീനിയർ എയർ ഇന്ത്യ ഉദ്യോഗസ്ഥരെ നിയമിക്കുമെന്ന് ബഹു. കേന്ദ്ര വ്യോമയാന വകുപ്പുമന്ത്രി സമിതിക്ക് ഉറപ്പുനൽകി. കൂടാതെ കേരളത്തിലേക്ക് സർവ്വീസ് നടത്തുന്ന എല്ലാ എയർ ഇന്ത്യാ വിമാനങ്ങളിലും മലയാളം സംസാരിക്കുന്ന ജീവനക്കാരെ നിയമിക്കുമെന്ന അറിയിപ്പും സമിതിക്കു ലഭിച്ചു.

14. എയർ ഇന്ത്യയുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ കേരളത്തിലെ യാത്രക്കാർക്ക് ബന്ധപ്പെടുന്നതിന് കോൾ സെന്റർ ആരംഭിക്കുന്നതാണെന്നും കേരളത്തിൽ നിന്നുള്ള വിമാന സർവ്വീസുകൾ 76-ൽ നിന്ന് 95 ആയി ഉയർത്തി യതായും എയർ ഇന്ത്യാ ചെയർമാനിൽ നിന്നുള്ള അറിയിപ്പ് സമിതിക്കു ലഭിച്ചു.

15. അബുദാബി-തിരുവനന്തപുരം-കൊച്ചി എയർ ഇന്ത്യാ വിമാനം മോശം കാലാവസ്ഥയെത്തുടർന്ന് തിരുവനന്തപുരത്ത് യാത്ര അവസാനിപ്പിച്ചതിനെത്തുടർന്ന് 20-10-2012-ന് യാത്രക്കാരും വിമാനജീവനക്കാരും തമ്മിലുണ്ടായ തർക്കം വിമാന റാഞ്ചലായി ചിത്രീകരിച്ച് കേസ് എടുത്ത നടപടി പിൻവലിക്കണമെന്ന് സമിതി ആവശ്യപ്പെടുകയുണ്ടായി. മേൽവിഷയത്തിൽ കേരള സർക്കാരുമായി കൂടിയാലോചിച്ച് സാധ്യമായതെല്ലാം ചെയ്യുന്നതാണെന്ന് ബഹു. കേന്ദ്ര വ്യോമയാന വകുപ്പുമന്ത്രി സമിതിക്ക് ഉറപ്പുനൽകി.

16. കേരളത്തിലെ വിമാനത്താവളങ്ങളിൽ എത്തുന്ന വിദേശികളായ സന്ദർശകർക്ക് വിമാനത്താവളത്തിൽനിന്ന് വിസ അനുവദിക്കുന്ന സംവിധാനം ഏർപ്പെടുത്തണമെന്നും തിരുവനന്തപുരം വിമാനത്താവളത്തിൽ ഇപ്പോൾ ഈടാക്കുന്ന യൂസേഴ്സ് ഫീ പിൻവലിക്കണമെന്നും സമിതി ആവശ്യപ്പെട്ടു. ഇക്കാര്യങ്ങൾ പരിശോധിച്ച് അടിയന്തിരനടപടി സ്വീകരിക്കുന്നതാണെന്ന് കേന്ദ്രമന്ത്രി സമിതിക്ക് മറുപടി നൽകി.

17. സമിതിയുടെ മേൽ പരാമർശിച്ച നടപടികളിലൂടെ പ്രവാസി മലയാളികൾ ദീർഘകാലമായി അനുഭവിച്ചുകൊണ്ടിരിക്കുന്ന യാത്രാപ്രശ്നങ്ങൾക്ക് ഒരു പരിധിവരെ പരിഹാരം കാണാൻ കഴിഞ്ഞതിൽ സമിതി സംതൃപ്തി രേഖപ്പെടുത്തുന്നു.

18. മറുനാടൻ മലയാളികളുടെ പൊതുവായ പ്രശ്നങ്ങളും മലയാളി നഴ്സുമാരുടെ പ്രശ്നങ്ങളും സംബന്ധിച്ച് പഠിക്കുന്നതിനായി സമിതി മുംബൈ, ഡൽഹി, ചെന്നൈ, ആൻഡമാൻ, കൊൽക്കത്ത, ചണ്ഡീഗഡ് തുടങ്ങിയ സ്ഥലങ്ങൾ സന്ദർശിക്കുകയും മലയാളി സംഘടനകളുമായി ചർച്ചകൾ നടത്തുകയുമുണ്ടായി. പ്രസ്തുത ചർച്ചകളുടെ അടിസ്ഥാനത്തിൽ, സ്വകാര്യ ആരോഗ്യമേഖലയിലെ മറുനാടൻ മലയാളി നഴ്സുമാരുടെ തൊഴിൽ സംബന്ധമായ വിവിധ പ്രശ്നങ്ങളെ സംബന്ധിച്ച് ഒരു റിപ്പോർട്ടും മറുനാടൻ മലയാളികൾ നേരിടുന്ന പൊതുവായ പ്രശ്നങ്ങളും അവയ്ക്കുള്ള പരിഹാരമാർഗ്ഗങ്ങളും ഉൾക്കൊള്ളുന്ന രണ്ട് റിപ്പോർട്ടുകളും സമിതി സമർപ്പിക്കുകയുണ്ടായി. ഗൾഫ് രാജ്യങ്ങളിൽ തൊഴിൽ നിയമം കർശനമാക്കിയത് (നിതാഖാത്ത്) മൂലം തിരിച്ചുവരേണ്ടിവരുന്ന പ്രവാസി

മലയാളികൾ നേരിടുന്ന പ്രശ്നങ്ങളും പരിഹാരമാർഗ്ഗങ്ങളും സംബന്ധിച്ച് സമിതി ഒരു റിപ്പോർട്ട് സമർപ്പിക്കുകയുണ്ടായി. പ്രസ്തുത റിപ്പോർട്ടിലെ ശുപാർശകളെ മുൻനിർത്തിയാണ് നിതാഖാത്തുമായി ബന്ധപ്പെട്ട് മടങ്ങിവരുന്ന പ്രവാസികൾക്കായി സംസ്ഥാന സർക്കാർ ഒരു പുനരധിവാസ പദ്ധതി പ്രഖ്യാപിച്ചത് എന്നതിൽ സമിതിക്ക് ചാരിതാർത്ഥ്യമുണ്ട്.

19. സമിതിയുടെ ഇടപെടൽമൂലം അനുകൂലമായി പരിഹരിക്കപ്പെട്ട ഹർജികൾ

(i) ശ്രീ. മൊയ്തീൻകുട്ടി, ചോലക്കൽ ഹൗസ്, മലപ്പുറം.
(ഫയൽ നമ്പർ 17548/NRKWC1/11/ലെജി.)

25 കൊല്ലത്തോളം പ്രവാസ ജീവിതം നയിച്ച, 55 വയസ്സ് കഴിഞ്ഞ ഹർജിക്കാരന് പ്രവാസി ക്ഷേമനിധി അംഗത്വവും ചികിൽസാ ധനസഹായവും ലഭ്യമാക്കണമെന്ന ഹർജി.

ശ്രീ. മൊയ്തീൻകുട്ടിക്ക് സാന്ത്വന പദ്ധതി പ്രകാരം 2-12-2012-ലെ ജി.ഒ(ആർറ്റി.) നമ്പർ 280/12/നോർക്ക പ്രകാരം 8,000 രൂപ ചികിത്സാ ധനസഹായം അനുവദിച്ചിട്ടുള്ളതായി പ്രവാസി കേരളീയ കാര്യ വകുപ്പ് 27-2-2013-ലെ 222/എ1/ 2012/നോർക്ക നമ്പർ കത്ത് മുഖേന അറിയിച്ചിട്ടുണ്ട്.

(ii) ശ്രീ. വി. എച്ച്. മുസ്തഫ, വലിയകത്ത് ഹൗസ്, പാലക്കാട്.
(ഫയൽ നമ്പർ 17444/NRKWC 2/11/ലെജി.)

2003 മുതൽ വിദേശത്ത് ജോലി ചെയ്തുവരവെ 2006-ൽ കുറേപേരാൽ ആക്രമിക്കപ്പെട്ട് ഗുരുതരമായി പരിക്കേൽക്കുകയും 2010-ൽ ഉണ്ടായ വാഹനാപകടത്തെ തുടർന്ന് ഇടതുകണ്ണിന്റെ കാഴ്ച നഷ്ടപ്പെടുകയും ചെയ്ത ഹർജിക്കാരന് സാമ്പത്തിക സഹായം നൽകണമെന്ന ഹർജി.

ശ്രീ. വി. എച്ച്. മുസ്തഫയ്ക്ക് സാന്ത്വന പദ്ധതിയിൻ കീഴിൽ 1-11-2012-ലെ സ.ഉ.(സാ.) 205/12/നോർക്ക പ്രകാരം 10,000 രൂപ ചികിത്സാ സഹായം അനുവദിച്ചതായി പ്രവാസി കേരളീയ കാര്യ വകുപ്പ് 11-1-2013-ലെ 6399/എ3/2011/ നോർക്ക നമ്പർ കത്ത് മുഖേന അറിയിച്ചിട്ടുണ്ട്.

(iii) ശ്രീ. ഹനീഫ കുന്നിൽ, കാസർഗോഡ് സമർപ്പിച്ച ഹർജി.
(ഫയൽ നമ്പർ 11683/ NRKWC2/12/ലെജി.)

യു.എ.ഇ. ജയിലിലുള്ള, പാസ്പോർട്ട് നഷ്ടപ്പെട്ടവർക്ക് ജയിൽ മോചിതരാകുമ്പോൾ ഔട്ട്പാസ് നൽകുന്നതിനായി ജില്ലാ പോലീസ് സൂപ്രണ്ടിന്റെ കത്ത് എംബസി ആവശ്യപ്പെടുന്നുവെന്നും എന്നാൽ കാസർകോഡ് ജില്ലാ പോലീസ് സൂപ്രണ്ട് കത്ത് നൽകാൻ തയ്യാറാകുന്നില്ല എന്നുമുള്ള ഹർജി.

പാസ്പോർട്ട് നഷ്ടപ്പെട്ട് ജയിലിൽ കഴിയുന്ന ഇൻഡ്യാക്കാർക്ക് ശിക്ഷാ കാലാവധി കഴിഞ്ഞ് നാട്ടിലേക്ക് മടങ്ങുന്നതിനുള്ള ഔട്ട്പാസ് ലഭിക്കുന്നതിനായി പ്രസ്തുത വിവരം പ്രത്യേകമായി രേഖപ്പെടുത്തിയ പോലീസ് ക്ലിയറൻസ് സർട്ടിഫിക്കറ്റ് അനുവദിക്കുന്നതിന് ജില്ലാ പോലീസ് മേധാവിമാർക്ക് ആവശ്യമായ നിർദ്ദേശം നൽകുന്നതിന് സംസ്ഥാന പോലീസ് മേധാവിക്ക് സർക്കാർ നിർദ്ദേശം നൽകിയിട്ടുള്ളതായ വിവരം 18-4-2013-ലെ 109108/ജി1/2012/ആഭ്യന്തരം നമ്പർ കത്ത് മുഖേന ആഭ്യന്തര വകുപ്പ് അറിയിച്ചിട്ടുണ്ട്.

(iv) ശ്രീ. സുകുമാരൻ, ന്യൂഡൽഹി സമർപ്പിച്ച ഹർജി.
(ഫയൽ നമ്പർ 14081/ NRKWC2/12/ലെജി.)

തൃശ്ശൂർ സ്വദേശിയായ 86 വയസ്സുള്ള ഹർജിക്കാരൻ എഴുപത് വർഷത്തിലധികമായി ഡൽഹിയിൽ അലഞ്ഞു നടക്കുകയാണെന്നും ഡൽഹിയിലോ നാട്ടിലോ വീടോ ഉറ്റവരോ ഇല്ലായെന്നും പെൻഷൻ അനുവദിക്കണമെന്നുമുള്ള ഹർജി.

പ്രവാസി മലയാളിയായ ഡൽഹിയിൽ താമസിക്കുന്ന ശ്രീ. സുകുമാരന് എക്സ്ഗ്രേഷ്യാ പെൻഷനായി പ്രതിമാസം 1,000 രൂപ 30-4-2012-ലെ G.O(Rt.) No. 221/2012/SWD പ്രകാരം അനുവദിച്ചു. ഈ തുക ന്യൂഡൽഹിയിലെ റസിഡന്റ് കമ്മീഷണർ മുഖാന്തിരം അദ്ദേഹത്തിനു നൽകിവരികയും ചെയ്യുന്നുണ്ടെന്ന വിവരം സാമൂഹ്യനീതി വകുപ്പ് 11-4-2013-ലെ 7163/സി1/2012/സാ.നീ.വ. നമ്പർ കത്ത് മുഖേന അറിയിച്ചിട്ടുണ്ട്.

(v) ശ്രീ. കെ. പ്രേമകുമാർ, എരഞ്ഞിപ്പാലം, കോഴിക്കോട്.
(ഫയൽ നമ്പർ 12152/ NRKWC2/11/ലെജി.)

1980 മുതൽ 1996 വരെ കേരള സോപ്സ് ആന്റ് ഓയിൽസിൽ മെക്കാനിക്കൽ ഫിറ്റർ ആയി ജോലി ചെയ്തുവരവെ 1992-ൽ വിദേശത്ത് പോയി ജോലി നോക്കുകയും ആധുനിക മെഷിനറികൾ ഉപയോഗിച്ച് തൊഴിൽപരിചയം നേടുകയും ചെയ്തെന്നും ആയതിനാൽ ജോലി ലഭ്യമാക്കണമെന്നും കേരള സോപ്സ് ആന്റ് ഓയിൽസിൽനിന്നും കിട്ടുവാനുള്ള ആനുകൂല്യങ്ങൾ ലഭ്യമാക്കണമെന്നുമുള്ള ഹർജി.

കേരള സോപ്സ് ആന്റ് ഓയിൽസ് ലിമിറ്റഡിൽ നടപ്പിലാക്കിയ വി.ആർ.എസ്. പദ്ധതി പ്രകാരം 1996-ലെ വി.ആർ.എസ്. ആനുകൂല്യം, ശ്രീ. പ്രേമകുമാർ ലീവിൽ പോയതുവരെയുള്ള സർവ്വീസ് കണക്കാക്കി, നൽകാവുന്നതാണെന്നും ഇത് സംബന്ധിച്ച് വരുന്ന അധികചെലവ് കമ്പനിയുടെ ഫണ്ടിൽനിന്നും വഹിക്കണമെന്നും കെ.എസ്.ഐ.ഇ.എം.ഡി.-യെ അറിയിച്ചിട്ടുള്ളതായും വ്യവസായ വകുപ്പ് 15-12-2012-ലെ 28435/ബി1/2011/വ്യവ. നമ്പർ കത്ത് മുഖേന റിപ്പോർട്ട് ചെയ്തു.

സാമ്പത്തികമായി പിന്നോക്കംനിൽക്കുന്ന തിരികെയെത്തിയ പ്രവാസികൾക്ക് സ്വയംതൊഴിൽ സംരംഭങ്ങളും വ്യവസായങ്ങളും തുടങ്ങുന്നതിനായി മൂലധന/പലിശ സബ്സിഡി നൽകി ബാങ്ക് ലോൺ നൽകുന്ന ഒരു പുനരധിവാസ പദ്ധതി 11-3-2013-ലെ സ.ഉ(ആർറ്റി.) 75/2013/നോർക്ക പ്രകാരം ഉത്തരവായിട്ടുണ്ടെന്നും പ്രസ്തുത പദ്ധതിയിൽ ശ്രീ. പ്രേമകുമാറിന് അപേക്ഷിക്കാവുന്നതാണെന്നും പ്രവാസി കേരളീയ കാര്യ വകുപ്പ് 22-4-2013-ലെ 1407/എ2/2011/നോർക്ക നമ്പർ കത്ത് മുഖേന അറിയിച്ചിട്ടുണ്ട്.

(vi) ശ്രീ. ജേക്കബ്, എ.എൽ., ആലപ്പാട്ട് വീട്, തൃശ്ശൂർ സമർപ്പിച്ച ഹർജി
(ഫയൽ നമ്പർ 12292/NRKWC1/11/ലെജി.)

ക്ഷേമനിധി അംഗത്വത്തിനായി 200 രൂപയുടെ ഡിമാന്റ് ഡ്രാഫ്റ്റ് സഹിതം പ്രവാസി ക്ഷേമനിധി ഓഫീസിൽ അപേക്ഷ സമർപ്പിച്ചിട്ടും അംശദായം അടയ്ക്കുന്നതിനുള്ള രേഖ ലഭ്യമായില്ലായെന്ന പരാതി.

പരാതിക്കാരന് 22-2-2010 മുതൽ പ്രാബല്യത്തിൽ വരത്തക്കവിധം 22-2-2011-ൽ സ്ഥിരാംഗത്വം നൽകുകയും 16-2-2011-ൽ അംശദായ അടവ് കാർഡ് നൽകുകയും ചെയ്തതായി പ്രവാസി കേരളീയ കാര്യ വകുപ്പ് 30-5-2011-ലെ 1293/എ1/2011/നോർക്ക നമ്പർ കത്ത് മുഖേന അറിയിച്ചിട്ടുണ്ട്.

(vii) ശ്രീമതി മറിയുമ്മ, പുൽപ്പറമ്പിൽ ഹൗസ്, വേങ്ങാലി, കോഴിക്കോട്.
(ഫയൽ നമ്പർ 12272/ NRKWC1/11/ലെജി.)

പതിനാലുവർഷം ദുബായിൽ ജോലിനോക്കി തിരിച്ചുവന്ന വിധവയായ പരാതിക്കാരി കോഴിക്കോട് ഡിസ്ട്രിക്ട് കോ-ഓപ്പറേറ്റീവ് ബാങ്കിൽ നിന്ന് 2 ലക്ഷം രൂപ ലോണെടുത്ത് വീടുവച്ചെങ്കിലും കുടുംബ പ്രാരാബ്ധങ്ങളാൽ ലോൺ തിരിച്ചടയ്ക്കാൻ കഴിയാത്തതിനാൽ ബാങ്ക് ജപ്തി നോട്ടീസ് അയച്ചുവെന്നും നോട്ടീസിൽ പറയുന്ന സമയത്തിനുള്ളിൽ തുക തിരിച്ചടയ്ക്കാൻ കഴിയാത്തതിനാൽ സമിതി ഇടപെട്ട് പ്രശ്നം പരിഹരിക്കണമെന്നും അഭ്യർത്ഥിച്ച് സമർപ്പിച്ച ഹർജി.

ശ്രീമതി മറിയുമ്മ 8-10-2007-ൽ കോഴിക്കോട് ജില്ലാ സഹകരണ ബാങ്കിന്റെ വെസ്റ്റ് ഹിൽ ശാഖയിൽ നിന്നും എടുത്ത എച്ച്.എൽ.ഡി. വായ്പയിൽ മുതൽ ഇനത്തിൽ 18,977 രൂപയും പലിശയിനത്തിൽ 32,468 രൂപയും കുടിശ്ശികയുണ്ടെന്നും പിഴപ്പലിശ ഇനത്തിൽ അടച്ച തുക കണക്കാക്കി ടി തുക ബാക്കി നിൽപ്പിൽ കുറവനുവദിക്കാൻ ബാങ്കിന് ജോയിന്റ് രജിസ്ട്രാർ നിർദ്ദേശം നൽകിയിട്ടുണ്ടെന്നും സഹകരണ വകുപ്പ് 12-3-2012-ലെ 3171/ബി2/2011/സഹ. നമ്പർ കത്ത് മുഖേന അറിയിച്ചിട്ടുണ്ട്.

(viii) ശ്രീ. കെ. ചന്ദ്രൻ നായർ, ചങ്ങാലിക്കിഴക്കൂട്ട്, കുമരനെല്ലൂർ പി.ഒ., തൃശ്ശൂർ.
(ഫയൽ നമ്പർ 11856/ NRKWC1/11/ലെജി.)

25 വർഷത്തോളം ഗൾഫിൽ ജോലിചെയ്തശേഷം മടങ്ങിയെത്തിയ ഹർജിക്കാരൻ പലവിധ അസുഖങ്ങളാൽ കഷ്ടപ്പെടുകയാണെന്നും അസുഖംമൂലം മറ്റ് ജോലികൾക്കൊന്നും പോകാൻ കഴിയാത്തതിനാൽ ഹർജിക്കാരന് പെൻഷനും, ആരോഗ്യപരിരക്ഷയും അനുവദിച്ച് നൽകണമെന്നുമായിരുന്നു ഹർജി വിഷയം.

സാന്ത്വന ചികിത്സാ സഹായ പദ്ധതിയിലൂടെ ശ്രീ. ചന്ദ്രൻ നായർക്ക് ചികിത്സാ സഹായമായി 3000 രൂപ ജി.ഒ.(ആർറ്റി.) 12/2011/നോർക്ക പ്രകാരം അനുവദിച്ചിട്ടുള്ളതായി പ്രവാസി കേരളീയ കാര്യ വകുപ്പ് 27-5-2011-ലെ 1295/എ1/2011/നോർക്ക നമ്പർ കത്ത് മുഖേന അറിയിച്ചിട്ടുണ്ട്.

(ix) ശ്രീ. കെ. ജനാർദ്ദനൻ, ഇന്ദു നിവാസ്, തളിക്കുളം പി.ഒ., തൃശ്ശൂർ.
(ഫയൽ നമ്പർ 12370/NRKWC2/11/ലെജി.)

ഹർജിക്കാരന്റെ, ദുബായിൽ ജോലിചെയ്യുന്ന മകൾക്കും, മരുമകനും പ്രവാസി ക്ഷേമനിധി അംഗത്വത്തിനായി ആവശ്യപ്പെട്ട രേഖകൾസഹിതം അപേക്ഷ സമർപ്പിച്ചുവെങ്കിലും നാളിതുവരെ അംഗത്വം സംബന്ധിച്ച് അറിയിപ്പൊന്നും ലഭിച്ചില്ല എന്നതായിരുന്നു പരാതി വിഷയം.

ഹർജിക്കാരന്റെ പ്രവാസികളായ മകൾക്കും, മരുമകനും യഥാക്രമം 4-5-2010, 28-4-2010 എന്നീ തീയതികളിൽ പ്രാബല്യത്തിൽ വരുന്നനിലയിൽ പ്രവാസി ക്ഷേമനിധിയിൽ അംഗത്വം നൽകിയിട്ടുണ്ടെന്ന വിവരം പ്രവാസി കേരളീയ കാര്യ വകുപ്പ് 20-4-2011-ലെ 1406/എ1/2011/നോർക്ക നമ്പർ കത്ത് മുഖേന അറിയിച്ചിട്ടുണ്ട്.

(x) ശ്രീ. ഹുസൈൻ, മേലേതിൽ ഹൗസ്, മലപ്പുറം.
(ഫയൽ നമ്പർ 17559/ NRKWC2 /11/ലെജി.)

18 വർഷം വിദേശത്തു ജോലിചെയ്തിരുന്ന ഹർജിക്കാരന് പ്രവാസി ക്ഷേമ നിധിയിൽ അംഗത്വം ലഭിക്കുന്നതിനായി അപേക്ഷ നൽകിയെങ്കിലും യാതൊരു മറുപടിയും ലഭിച്ചില്ല എന്നതാണ് പരാതി.

ഹർജിക്കാരന് പ്രവാസി ക്ഷേമനിധിയിൽ സ്ഥിരാംഗത്വം നൽകി അംശദായ അടവ് കാർഡ് നൽകിയിട്ടുണ്ടെന്നും ടിയാൻ അംശദായം അടച്ചുതുടങ്ങിയിട്ടുണ്ടെന്നും പ്രവാസി കേരളീയ കാര്യ വകുപ്പ് 21-4-2012-ലെ 611/എ1/2012/നോർക്ക നമ്പർ കത്ത് മുഖേന അറിയിച്ചിട്ടുണ്ട്.

നിലവിൽ സമിതിയുടെ പരിഗണനയിലുള്ള പരാതികളുടെ അടിസ്ഥാനത്തിൽ താഴെപ്പറയുന്ന കാര്യങ്ങൾ സമിതി ശുപാർശ ചെയ്യുന്നു.

20. ചെന്നൈ മലയാളികളുടെ യാത്രാപ്രശ്നങ്ങൾ മനസ്സിലാക്കിയ സമിതി ചെന്നൈയിൽനിന്ന് മംഗലാപുരം,തിരുവനന്തപുരം ഭാഗത്തേക്ക് റെയിൽ മാർഗ്ഗമുള്ള യാത്രാസൗകര്യം കുറവായതിനാൽ ചെന്നൈ-മംഗലാപുരം, ചെന്നൈ-തിരുവനന്തപുരം റൂട്ടിൽ ഓരോ പുതിയ ട്രെയിനുകൾ അനുവദിക്കുവാൻ വേണ്ട നടപടി സ്വീകരിക്കണമെന്ന് ശുപാർശ ചെയ്യുന്നു.

21. കേരളത്തിനുപുറത്ത് ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങളിൽ ജോലി നോക്കുന്ന പ്രവാസികളുടെ മക്കൾക്ക് കേരളത്തിലെ പ്രൊഫഷണൽ കോഴ്സുകളിലെ പ്രവേശനത്തിൽ ഒരു നിശ്ചിതശതമാനം സംവരണം ഏർപ്പെടുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

22. വിമാന സർവ്വീസ് റദ്ദാക്കൽമൂലവും വിമാനക്കമ്പനികളുടെ അടിക്കടിയുള്ള നിരക്ക് വർദ്ധനവുമൂലവും പ്രവാസികൾ ഏറെ പ്രശ്നങ്ങൾ നേരിട്ടുവരുന്നതായി സമിതിക്ക് ബോദ്ധ്യപ്പെട്ടിട്ടുണ്ട്. ഇതിന് ഒരു പരിധിവരെയെങ്കിലും പരിഹാര മായേക്കാവുന്ന 'എയർ കേരള' എന്ന ബഡ്ജറ്റ് എയർലൈൻ പദ്ധതി നടപ്പാക്കുന്നതിന്റെ ഭാഗമായി എയർകേരള ഇന്റർനാഷണൽ സർവ്വീസ് ലിമിറ്റഡ് എന്ന കമ്പനി രൂപീകരിച്ചതായും പദ്ധതിയുടെ പുതുക്കിയ സാദ്ധ്യതാപഠനത്തിന് ഏജൻസിയെ നിയോഗിച്ചതായും കൂടാതെ അന്താരാഷ്ട്ര സർവ്വീസുകൾ നടത്തുന്നതിന് ആവശ്യമായ 'അഞ്ചുവർഷത്തെ ആഭ്യന്തര പരിചയവും 20 വിമാനങ്ങളും' എന്ന വ്യവസ്ഥയിൽ ഇളവിനായി കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടുവരുന്നതായും സമിതി മനസ്സിലാക്കുന്നു. ഇക്കാര്യത്തിലുള്ള നടപടികൾ ത്വരിതപ്പെടുത്തി 'എയർ കേരള' എന്ന പ്രവാസികളുടെ ചിരകാല സ്വപ്നം യാഥാർത്ഥ്യമാക്കുന്നതിന് അടിയന്തിരനടപടി സ്വീകരിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

23. വിദേശത്ത് തൊഴിലന്വേഷിക്കുന്ന ഉദ്യോഗാർത്ഥികൾ കബളിപ്പിക്കപ്പെടുന്നുണ്ടെന്ന് മനസ്സിലാക്കിയ സമിതി വിദേശ തൊഴിലുകൾക്കായി അപേക്ഷിക്കുന്നതിന് ഉദ്യോഗാർത്ഥികൾക്ക് ആവശ്യമായ വിവരങ്ങളും അപേക്ഷാഫോറങ്ങളും ജില്ലാ കളക്ട്രേറ്റുകളിൽ ലഭ്യമാക്കുന്നതിനും കൂടാതെ, ഓൺലൈൻ രജിസ്ട്രേഷൻ സംവിധാനം ഏർപ്പെടുത്തുന്നതിനും വിദേശത്തുനിന്ന് ലഭിക്കുന്ന വിസകളും മറ്റു രേഖകളും യഥാർത്ഥമാണോയെന്ന് പരിശോധിക്കുന്നതിനുള്ള സംവിധാനംകൂടി കളക്ട്രേറ്റുകളിൽ ഏർപ്പെടുത്തുന്നതിനും ആവശ്യമായ നടപടികൾ കൈക്കൊള്ളണമെന്ന് ശുപാർശ ചെയ്യുന്നു.

24. സാമ്പത്തികമായി ബുദ്ധിമുട്ടനുഭവിക്കുന്ന പ്രവാസികളുടെ മക്കൾക്ക് സ്കോളർഷിപ്പുകൾ നൽകുന്നതിനായുള്ള ഒരു പദ്ധതിക്ക് രൂപം നൽകുന്നതിന് നോർക്ക റൂട്ട്സ് ഡയറക്ടർ ബോർഡ് തീരുമാനിച്ചിട്ടുള്ളതായി സമിതി മനസ്സിലാക്കുന്നു. പ്രസ്തുത പദ്ധതി എത്രയുംപെട്ടെന്ന് നടപ്പിലാക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

25. റിക്രൂട്ടിംഗ് ഏജൻസികൾ അനാശാസ്യ പ്രവർത്തനങ്ങൾക്ക് വേണ്ടി സ്ത്രീകളെ കടത്തുന്നത് ഫലപ്രദമായി തടയുന്നതിന് ആവശ്യമായ എമിഗ്രേഷൻ നടപടികൾ കർശനമാക്കുന്നതുൾപ്പെടെയുള്ള നടപടികൾ അടിയന്തിരമായി സ്വീകരിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

26. വിദേശത്ത് വീട്ടുജോലിക്കായി പോകുന്ന സ്ത്രീകളുടെ പാസ്പോർട്ട് വീട്ടുടമകൾ പിടിച്ചുവയ്ക്കുന്നതും അവരെ മർദ്ദനത്തിന് ഇരയാക്കുന്നതുമായ കേസുകൾ സമിതിയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുള്ളതിനാൽ ഇപ്രകാരം ജോലിക്കു പോകുന്നവരുടെ പാസ്പോർട്ട് എംബസ്സികളിൽ സൂക്ഷിക്കണമെന്നും പ്രവാസികളുടെ വിശദമായ ഡാറ്റ തയ്യാറാക്കാൻ അതാത് ഇൻഡ്യൻ എംബസ്സികൾക്ക് നിർദ്ദേശം നൽകണമെന്നും സമിതി ശുപാർശ ചെയ്യുന്നു.

27. ലേബർ ക്യാമ്പുകളിൽ ദുരിതമനുഭവിക്കുന്നവരുടേയും വിവിധ കാരണങ്ങളാൽ പാസ്പോർട്ട് തടഞ്ഞുവയ്ക്കപ്പെടുന്നവരുടേയും പ്രശ്നങ്ങളിൽ ഇടപെടുന്നതിനായി ഒരു സ്ഥിരം സംവിധാനം എന്നനിലയിൽ ലീഗൽ സെൽ ആരംഭിക്കേണ്ടതിന്റെ ആവശ്യകത സമിതി മനസ്സിലാക്കുന്നു. അതിനാൽ പ്രവാസികളുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി മലയാളികൾ കൂടുതലുള്ള സ്ഥലങ്ങളിൽ ഒരു ലീഗൽ സെൽ രൂപീകരിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

28. കേരള പ്രവാസി ക്ഷേമ ബോർഡിൽ അംഗത്വമെടുത്തവരും കുറഞ്ഞത് 3 വർഷക്കാലം തുടർച്ചയായി അംശദായം അടച്ച് വരുന്നവരുമായ മടങ്ങിയെത്തിയ പ്രവാസികൾക്ക് സ്വയംതൊഴിൽ വായ്പ അനുവദിക്കുന്നതിനും അവരുടെ സഹകരണ സംഘങ്ങൾ, കമ്പനികൾ, മറ്റുസ്ഥാപനങ്ങൾ എന്നിവ പ്രൊമോട്ട് ചെയ്യുന്നതിനുമുള്ള പദ്ധതികൾ പ്രവാസി ക്ഷേമ ആക്ടിൽ പ്രതിപാദിക്കുന്നുണ്ട്. കൂടാതെ മടങ്ങിവരുന്ന പ്രവാസികൾക്ക് വ്യവസായ സംരംഭങ്ങൾ ആരംഭിക്കുന്നതിന് സബ്സിഡി ഉൾപ്പെടെയുള്ള സഹായങ്ങൾ നൽകുന്നതിനുള്ള പ്രവാസി പുനരധിവാസ പദ്ധതിയുടെ രൂപരേഖ തയ്യാറാക്കി വരുന്നതായും സമിതിയെ അറിയിച്ചിട്ടുണ്ട്. ഈ പദ്ധതികളെല്ലാം എത്രയുംപെട്ടെന്ന് പ്രാവർത്തികമാക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

29. ഗൾഫിൽനിന്നും തൊഴിൽ നഷ്ടപ്പെട്ട് തിരിച്ചെത്തുന്നവരിൽ ഏറെയും വൈദഗ്ദ്ധ്യം കുറഞ്ഞ തൊഴിലുകളിൽ ഏർപ്പെട്ടിരുന്നവരാണ്. ഇത്തരം അവിദഗ്ദ്ധ തൊഴിലുകൾക്കായി ഫിലിപ്പീൻസ്, ബംഗ്ലാദേശ് തുടങ്ങിയ രാജ്യങ്ങളിൽ നിന്നും കുറഞ്ഞവേതനത്തിൽ ജോലിചെയ്യുന്നതിന് തൊഴിലാളികളെ ലഭിക്കുന്നുണ്ട് എന്നതും മലയാളികൾ നേരിടുന്ന ഒരു പ്രതിസന്ധിയാണ്. ഇതിന് പരിഹാരമായി ഗൾഫ് രാജ്യങ്ങളിലെ മലയാളികളായ വ്യവസായികളെ കണ്ടെത്തി അവരുടെ സ്ഥാപനങ്ങളിൽ മടങ്ങിവന്ന പ്രവാസികൾക്ക് തൊഴിൽ ലഭിക്കുവാനുള്ള അവസരം ലഭ്യമാക്കാൻ കഴിയുമോ എന്ന കാര്യം പരിശോധിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

30. വിദഗ്ദ്ധ തൊഴിലാളികൾക്കാണ് വിദേശ രാജ്യങ്ങളിൽ മികച്ച തൊഴിലവസരങ്ങളുള്ളത് എന്നത് ഒരു വസ്തുതയാണ്. എന്നാൽ ഗൾഫിൽനിന്നും തൊഴിൽ നഷ്ടപ്പെട്ട് മടങ്ങിവരുന്ന പ്രവാസികളിൽ ഭൂരിപക്ഷംപേരും വിദ്യാഭ്യാസം കുറഞ്ഞവരാണ് എന്ന വസ്തുതയും മറക്കാവുന്നതല്ല.

31. പ്രവാസി മലയാളികളുടെ മക്കൾക്ക് നാട്ടിൽ തൊഴിലധിഷ്ഠിത വിദ്യാഭ്യാസത്തിന് സീറ്റ് സംവരണം ചെയ്തിട്ടുണ്ടെങ്കിലും ഉയർന്ന ഫീസാണ് എൻ.ആർ.ഐ. ക്വാട്ടയിൽ ഈടാക്കുന്നത്. പ്രവാസി മലയാളികൾ എല്ലാവരുംതന്നെ ഉയർന്ന സാമ്പത്തികശേഷി നേടാൻ കഴിഞ്ഞിട്ടുള്ളവരല്ല. വളരെയധികം കഷ്ടപ്പാടുകളും ബുദ്ധിമുട്ടുകളും അനുഭവിക്കുന്ന ഇന്ത്യാക്കാർ, പ്രത്യേകിച്ച് മലയാളികൾ ഗൾഫ് രാജ്യങ്ങളിലുണ്ട് എന്നത് വളരെയധികം പ്രാധാന്യമർഹിക്കുന്ന വിഷയമാണ്. ആയതിനാൽ സാമ്പത്തികമായി പിന്നോക്കംനിൽക്കുന്ന പ്രവാസി മലയാളികളുടെ മക്കൾക്ക് എൻ.ആർ.ഐ. ക്വാട്ടയിൽ പ്രത്യേക സംവരണവും കുറഞ്ഞഫീസും അനുവദിക്കുന്നതിന് നടപടി സ്വീകരിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു.

**അബ്ദുറഹിമാൻ രണ്ടത്താണി,**

*അദ്ധ്യക്ഷൻ,*
*പ്രവാസി മലയാളികളുടെ ക്ഷേമം സംബന്ധിച്ച സമിതി.*

തിരുവനന്തപുരം,
2014 ജനുവരി 29.

## സമിതിയുടെ പ്രധാന ശുപാർശകൾ/നിർദ്ദേശങ്ങൾ

| *ക്രമ നമ്പർ* | *ഖണ്ഡിക നമ്പർ* | *വകുപ്പ്* | *ശുപാർശ* |
|---|---|---|---|
| (1) | (2) | (3) | (4) |
| 1 | 20 | ഗതാഗതം | ചെന്നൈയിൽ നിന്ന് മംഗലാപുരം, തിരുവനന്തപുരം ഭാഗത്തേക്ക് റെയിൽ മാർഗ്ഗമുള്ള യാത്രാസൗകര്യം കുറവായതിനാൽ ചെന്നൈ-മംഗലാപുരം, ചെന്നൈ-തിരുവനന്തപുരം റൂട്ടിൽ ഒരോ പുതിയ ട്രെയിനുകൾ അനുവദിക്കുവാൻ വേണ്ട നടപടി സ്വീകരിക്കണമെന്ന് ശുപാർശ ചെയ്യുന്നു. |
| 2 | 22 | ,, | 'എയർ കേരള' എന്ന പ്രവാസികളുടെ ചിരകാല സ്വപ്നം യാഥാർത്ഥ്യമാക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു. |
| 3 | 21 | ഉന്നത വിദ്യാഭ്യാസം | കേരളത്തിനു പുറത്ത് ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങളിൽ ജോലിനോക്കുന്ന പ്രവാസികളുടെ മക്കൾക്ക് കേരളത്തിലെ പ്രൊഫഷണൽ കോഴ്സുകളിലെ പ്രവേശനത്തിൽ ഒരു നിശ്ചിത ശതമാനം സംവരണം ഏർപ്പെടുത്തണമെന്ന് സമിതി ശുപാർശ ചെയ്യുന്നു. |
| 4 | 23 | പ്രവാസി കേരളീയ കാര്യം | വിദേശ തൊഴിലുകൾക്കായി അപേക്ഷിക്കുന്നതിന് ഉദ്യോഗാർത്ഥികൾക്ക് ആവശ്യമായ വിവരങ്ങളും അപേക്ഷാഫോറങ്ങളും ജില്ലാ കളക്ട്രേറ്റുകളിൽ ലഭ്യമാക്കുന്നതിനും കൂടാതെ, ഓൺലൈൻ രജിസ്ട്രേഷൻ സംവിധാനം ഏർപ്പെടുത്തുന്നതിനും വിദേശത്ത് നിന്ന് ലഭിക്കുന്ന വിസകളും മറ്റു രേഖകളും യഥാർത്ഥമാണോയെന്ന് പരിശോധിക്കുന്നതിനുള്ള സംവിധാനം കൂടി കളക്ട്രേറ്റുകളിൽ ഏർപ്പെടുത്തുന്നതിനും ആവശ്യമായ നടപടികൾ കൈക്കൊള്ളണമെന്ന് ശുപാർശ ചെയ്യുന്നു. |
| 5 | 24 | പ്രവാസി കേരളീയ കാര്യം | സാമ്പത്തികമായി ബുദ്ധിമുട്ടനുഭവിക്കുന്ന പ്രവാസികളുടെ മക്കൾക്ക് സ്കോളർഷിപ്പുകൾ നൽകുന്നതിനായുള്ള ഒരു പദ്ധതിക്ക് രൂപം നൽകുന്നതിന് നോർക്ക റൂട്ട്സ് ഡയറക്ടർ ബോർഡ് തീരുമാനിച്ചിട്ടുള്ളതായി സമിതി മനസ്സിലാക്കുന്നു. പ്രസ്തുത പദ്ധതി എത്രയും പെട്ടെന്ന് നടപ്പിലാക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു. |

| (1) | (2) | (3) | (4) |
|---|---|---|---|
| 6 | 25 | പ്രവാസി കേരളീയ കാര്യം | റിക്രൂട്ടിംഗ് ഏജൻസികൾ അനാശാസ്യ പ്രവർത്തനങ്ങൾക്ക് വേണ്ടി സ്ത്രീകളെ കടത്തുന്നത് ഫലപ്രദമായി തടയുന്നതിന് ആവശ്യമായ എമിഗ്രേഷൻ നടപടികൾ കർശനമാക്കുന്നതുൾപ്പെടെയുള്ള നടപടികൾ അടിയന്തിരമായി സ്വീകരിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു. |
| 7. | 26 | ,, | വിദേശത്ത് വീട്ടുജോലിക്കായി പോകുന്ന സ്ത്രീകളുടെ പാസ്പോർട്ട് എംബസ്സികളിൽ സൂക്ഷിക്കണമെന്നും പ്രവാസികളുടെ വിശദമായ ഡാറ്റ തയ്യാറാക്കാൻ അതാത് ഇൻഡ്യൻ എംബസ്സികൾക്ക് നിർദ്ദേശം നൽകണമെന്നും സമിതി ശുപാർശ ചെയ്യുന്നു. |
| 8 | 27 | ,, | ലേബർ ക്യാമ്പുകളിൽ ദുരിതമനുഭവിക്കുന്നവരുടേയും വിവിധ കാരണങ്ങളാൽ പാസ്പോർട്ട് തടഞ്ഞുവയ്ക്കപ്പെടുന്നവരുടേയും പ്രശ്നങ്ങളിൽ ഇടപെടുന്നതിനായി ഒരു സ്ഥിരം സംവിധാനം എന്ന നിലയിൽ മലയാളികൾ കൂടുതലുള്ള സ്ഥലങ്ങളിൽ ഒരു ലീഗൽ സെൽ രൂപീകരിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു. |
| 9 | 28 | ,, | കേരള പ്രവാസി ക്ഷേമ ബോർഡിൽ അംഗത്വമെടുത്തവരും കുറഞ്ഞത് 3 വർഷക്കാലം തുടർച്ചയായി അംശദായം അടച്ചുവരുന്നവരുമായ മടങ്ങിയെത്തിയ പ്രവാസികൾക്കായി പ്രവാസി ക്ഷേമ ആക്ടിൽ പ്രതിപാദിക്കുന്ന വിവിധ പദ്ധതികളും മടങ്ങിവരുന്ന പ്രവാസികൾക്കുള്ള പ്രവാസി പുനരധിവാസ പദ്ധതിയും എത്രയും പെട്ടെന്ന് പ്രാവർത്തികമാക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു. |
| 10 | 29 | ,, | ഗൾഫ് രാജ്യങ്ങളിലെ മലയാളികളായ വ്യവസായികളെ കണ്ടെത്തി അവരുടെ സ്ഥാപനങ്ങളിൽ മടങ്ങിവന്ന പ്രവാസികൾക്ക് തൊഴിൽ ലഭിക്കുവാനുള്ള അവസരം ലഭ്യമാക്കാൻ കഴിയുമോ എന്ന കാര്യം പരിശോധിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു. |
| 11 | 31 | ഉന്നത വിദ്യാഭ്യാസം | സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന പ്രവാസി മലയാളികളുടെ മക്കൾക്ക് എൻ.ആർ.ഐ. ക്വാട്ടയിൽ പ്രത്യേക സംവരണവും കുറഞ്ഞ ഫീസും അനുവദിക്കുന്നതിന് നടപടി സ്വീകരിക്കണമെന്ന് സമിതി ശുപാർശ ചെയ്യുന്നു. |

അനുബന്ധം I

## സമിതിയുടെ പരിഗണനയിലുള്ള ഹർജികൾ സംബന്ധിച്ച സ്റ്റേറ്റ്മെന്റ്

| *ക്രമ നമ്പർ* | *വിഷയം* | *ഫയൽ നമ്പർ* |
|---|---|---|
| (1) | (2) | (3) |
| 1 | ജോലിതട്ടിപ്പിനെതിരെ നടപടി ആവശ്യപ്പെട്ട് ശ്രീ. പ്രശാന്ത്, ഡി., കൊല്ലം, ശ്രീ. രാരിഷ്, ടി. എസ്., തിരുവനന്തപുരം എന്നിവർ സമർപ്പിച്ച ഹർജി | 11734/NRKWC1/11/Leg. |
| 2 | വാട്ടർ അതോറിറ്റിയിൽ സ്ഥിര നിയമനം ആവശ്യപ്പെട്ട് ശ്രീ. പി. കുഞ്ഞിമുഹമ്മദ്, കുറ്റിപ്പുറം സമർപ്പിച്ച ഹർജി | 11736/NRKWC1/11/Leg. |
| 3 | വഴി അനുവദിക്കണമെന്നാവശ്യപ്പെട്ട് ശ്രീമതി ജിജി ഡാനി, തിരുവനന്തപുരം സമർപ്പിച്ച ഹർജി | 11992/NRKWC1/11/Leg. |
| 4 | പ്രവാസികളുടെ വിവിധ ആവശ്യങ്ങൾ സംബന്ധിച്ച് ശ്രീ. ഇല്ലിക്കൽ ആലിക്കോയ, കോഴിക്കോട് സമർപ്പിച്ച ഹർജി | 12176/NRKWC1/11/Leg. |
| 5 | 2010-11-ലെ ഒന്നാമത് റിപ്പോർട്ടിന്മേലുള്ള അനന്തര നടപടികൾ | 12390/NRKWC1/11/Leg. |
| 6 | ജപ്തി ഒഴിവാക്കുന്നതിനും ചികിത്സാ സഹായം ലഭിക്കുന്നതിനുമായി ശ്രീ. രഘുവരൻ, തിരുവനന്തപുരം സമർപ്പിച്ച ഹർജി | 13477/NRKWC1/11/Leg. |
| 7 | റവന്യൂ റിക്കവറി പ്രകാരം ജാമ്യവസ്തു ലേലം ചെയ്തതിലുള്ള പിഴവ് സംബന്ധിച്ച് ശ്രീമതി രാധ, കൊല്ലം സമർപ്പിച്ച ഹർജി | 15229/NRKWC1/11/Leg. |
| 8 | പ്രവാസികളുടെ വിവിധ ആവശ്യങ്ങൾ സംബന്ധിച്ച് ശ്രീ. കുഞ്ഞിമുഹമ്മദ്, സൗദിഅറേബ്യ സമർപ്പിച്ച ഹർജി | 17428/NRKWC1/11/Leg. |

| (1) | (2) | (3) |
|---|---|---|
| 9 | തൊഴിൽ ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് ശ്രീ. കെ. മോഹൻകുമാർ, മലപ്പുറം സമർപ്പിച്ച ഹർജി | 17430/NRKWC1/11/Leg. |
| 10 | പ്രവാസി കേരളീയ ക്ഷേമ ബോർഡിൽ അംഗത്വം ലഭിക്കുന്നതിനായി ശ്രീ. കെ. പി. ഇബ്രാഹിം ഹാജി, മലപ്പുറം സമർപ്പിച്ച ഹർജി | 17434/NRKWC1/11/Leg. |
| 11 | അംശദായ കാർഡ് ലഭ്യമാക്കണമെന്നാ വശ്യപ്പെട്ട് ശ്രീ. ചെറമ്മിൽപറമ്പിൽ റസാഖ്, മലപ്പുറം സമർപ്പിച്ച ഹർജി | 17436/NRKWC1/11/Leg. |
| 12 | മടങ്ങിവന്ന പ്രവാസികളെ പുനരധിവസി പ്പിക്കണമെന്നാവശ്യപ്പെട്ട് ശ്രീ. റ്റി. എച്ച്. കുഞ്ഞാലി, മലപ്പുറം സമർപ്പിച്ച ഹർജി | 17438/NRKWC1/11/Leg. |
| 13 | പ്രവാസികളുടെ വിവിധ ആവശ്യങ്ങൾ സംബന്ധിച്ച് മലപ്പുറം ജില്ലാ പ്രവാസി ലീഗ് കമ്മിറ്റി സെക്രട്ടറി സമർപ്പിച്ച ഹർജി | 17441/NRKWC1/11/Leg. |
| 14 | പ്രവാസികളുടെ വിവിധ ആവശ്യങ്ങൾ സംബന്ധിച്ച് ശ്രീ. വി. വി. ഭരതൻ, മലപ്പുറം സമർപ്പിച്ച ഹർജി | 17443/NRKWC1/11/Leg. |
| 15 | പ്രവാസികളുടെ വിവിധ ആവശ്യങ്ങൾ സംബന്ധിച്ച് ശ്രീ. യു. മുഹമ്മദ് അഷ്റഫ്, മഞ്ചേരി സമർപ്പിച്ച ഹർജി | 17445/NRKWC1/11/Leg. |
| 16 | ധനസഹായം ആവശ്യപ്പെട്ട് ശ്രീ. കോഴിപറമ്പിൽ എൻദീൻ, മലപ്പുറം സമർപ്പിച്ച ഹർജി | 17550/NRKWC1/11/Leg. |
| 17 | പ്രവാസി ക്ഷേമ പെൻഷൻ ലഭ്യമാക്കണ മെന്ന് ആവശ്യപ്പെട്ട് ശ്രീ. പെരുമ്പള്ളി മൂസ, മലപ്പുറം സമർപ്പിച്ച ഹർജി | 17552/NRKWC1/11/Leg. |
| 18 | സഹായം അഭ്യർത്ഥിച്ച് ശ്രീ. എം. അബ്ബാസ്, മലപ്പുറം സമർപ്പിച്ച ഹർജി | 17557/NRKWC1/11/Leg. |
| 19 | പ്രവാസികളുടെ വിവിധ ആവശ്യങ്ങൾ സംബന്ധിച്ച് ശ്രീ. കുരുണിയൻ നജീബ്, മലപ്പുറം, സമർപ്പിച്ച ഹർജി | 17564/NRKWC1/11/Leg. |

| (1) | (2) | (3) |
|---|---|---|
| 20 | പ്രവാസികളുടെ വിവിധ ആവശ്യങ്ങൾ സംബന്ധിച്ച് ശ്രീ. റഫീഖ് കോട്ടപ്പുറം, കാസർഗോഡ് സമർപ്പിച്ച ഹർജി | 11637/NRKWC1/12/Leg. |
| 21 | പ്രവാസികളുടെ വിവിധ ആവശ്യങ്ങൾ സംബന്ധിച്ച് ശ്രീ. ഹസൈനാർ തളങ്കര, കോഴിക്കോട് സമർപ്പിച്ച ഹർജി | 11639/NRKWC1/12/Leg. |
| 22 | പ്രവാസികൾക്ക് ഗ്രീൻ ഹെൽത്ത് കാർഡ് അനുവദിക്കണമെന്നാവശ്യപ്പെട്ട് ശ്രീ. ഹസ്സൻ നേക്കാവ്, പ്രവാസി ലീഗ് സംസ്ഥാന കൗൺസിൽ, ചെങ്കള പഞ്ചായത്ത് കമ്മിറ്റി സമർപ്പിച്ച ഹർജി | 11676/NRKWC1/12/Leg. |
| 23 | പ്രവാസികളെ ഉൾപ്പെടുത്തി വ്യവസായ സംരംഭം തുടങ്ങുന്നത് സംബന്ധിച്ച് കാസർഗോഡ് കേരള പ്രദേശ് പ്രവാസി റിട്ടേർണീസ് കോൺഗ്രസ് പ്രസിഡന്റ് ശ്രീ. നാം ഹനീഫ് സമർപ്പിച്ച ഹർജി | 11678/NRKWC1/12/Leg. |
| 24 | പ്രവാസികളെന്ന് തെളിയിക്കുന്നതിനുള്ള രേഖകൾ ഇല്ലായെന്നത് സംബന്ധിച്ച് പ്രവാസി ലീഗ് മൂളിയാർ പഞ്ചായത്ത് കമ്മിറ്റി ജനറൽ സെക്രട്ടറി ശ്രീ. ബി. അബൂബക്കർ ചാപ്പ സമർപ്പിച്ച ഹർജി | 11680/NRKWC1/12/Leg. |
| 25 | മടങ്ങിവന്ന പ്രവാസികളുടെ പുനരധിവാസം സംബന്ധിച്ച് ശ്രീ. പൈക ഹമീദ്, കാസർഗോഡ് സമർപ്പിച്ച ഹർജി | 11682/NRKWC1/12/Leg. |
| 26 | പലിശരഹിതവായ്പ അനുവദിക്കണമെന്നാവശ്യപ്പെട്ട് ശ്രീ. ഷാഫി ബേർക്ക, കാസർഗോഡ് സമർപ്പിച്ച ഹർജി | 11692/NRKWC1/12/Leg. |
| 27 | പലിശരഹിതവായ്പ അനുവദിക്കണമെന്നാവശ്യപ്പെട്ട് ശ്രീ. സബീർ, സി. എ., കാസർഗോഡ് സമർപ്പിച്ച ഹർജി | 11694/NRKWC1/12/Leg. |
| 28 | ഗാർഹിക വായ്പയുടെ പലിശ ഒഴിവാക്കണമെന്നാവശ്യപ്പെട്ട് ശ്രീ. മുഹമ്മദ് താജു, സി. എച്ച്., കാസർഗോഡ് സമർപ്പിച്ച ഹർജി | 11696/NRKWC1/12/Leg. |

| (1) | (2) | (3) |
|---|---|---|
| 29 | പ്രവാസികളുടെ വിവിധ ആവശ്യങ്ങൾ സംബന്ധിച്ച് ശ്രീ. പി. വി. മുഹമ്മദ്, ജനറൽ സെക്രട്ടറി, കേരള പ്രവാസി ലീഗ് ജില്ലാ കമ്മിറ്റി, പത്തനംതിട്ട സെക്രട്ടറി സമർപ്പിച്ച ഹർജി | 12748/NRKWC1/12/Leg. |
| 30 | പ്രവാസികൾക്കുള്ള വിവിധ പദ്ധതികളെ കുറിച്ച് അറിയുന്നത് സംബന്ധിച്ച് ശ്രീ. വി. രാധാകൃഷ്ണ മേനോൻ, ആലപ്പുഴ സമർപ്പിച്ച ഹർജി | 12789/NRKWC1/12/Leg. |
| 31 | പ്രവാസി ക്ഷേമനിധിയിൽ അംഗത്വം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് ശ്രീമതി ഗൗരിക്കുട്ടിയമ്മ, പത്തനംതിട്ട സമർപ്പിച്ച ഹർജി | 12791/NRKWC1/12/Leg. |
| 32 | ഗുണ്ടാ സംഘത്തിന്റെ ആക്രമണവും പോലീസിന്റെ അനാസ്ഥയും സംബന്ധിച്ച് ശ്രീ. എസ്. ഗോപാലകൃഷ്ണൻ നായർ, പോലീസ് കോളനി, മോഡൽ ടൗൺ, ഡൽഹി-9 സമർപ്പിച്ച ഹർജി | 13750/NRKWC1/12/Leg. |
| 33 | കേരളത്തിലെ ഒ.ബി.സി. സർട്ടിഫിക്കറ്റ് ഡൽഹിയിലെ കേരള സ്കൂളിൽ അംഗീകരിക്കാത്തത് സംബന്ധിച്ച് ശ്രീ. ഷെരീഫ്, എം., ചില്ലാ വില്ലേജ്, മയൂർ വിഹാർ, ഡൽഹി സമർപ്പിച്ച ഹർജി | 13752/NRKWC1/12/Leg. |
| 34 | വസ്തുവിൽ പ്രവേശിക്കുന്നത് എതിർ കക്ഷികൾ തടസ്സപ്പെടുത്തുന്നതു സംബന്ധിച്ച് ശ്രീമതി നബീസത്ത്, ഹരിനഗർ, ന്യൂഡൽഹി സമർപ്പിച്ച ഹർജി | 13756/NRKWC1/12/Leg. |
| 35 | ഡൽഹിയിലെ മലയാളികളുടെ വിവിധ ആവശ്യങ്ങൾ സംബന്ധിച്ച് ശ്രീമതി ലത ഉമ്മൻ, ജനറൽ സെക്രട്ടറി, സ്ത്രീശക്തി, ഡൽഹി സമർപ്പിച്ച ഹർജി | 14082/NRKWC1/12/Leg. |
| 36 | അമ്മയുടെ ലീവ് അപേക്ഷയിൽ തീർപ്പ് കൽപ്പിക്കണമെന്നാവശ്യപ്പെട്ട് മാസ്റ്റർ ഭരത് കൃഷ്ണകുമാർ, ദുബായ് സമർപ്പിച്ച ഹർജി | 18922/NRKWC1/12/Leg. |

| (1) | (2) | (3) |
|---|---|---|
| 37 | സമിതിയുടെ രണ്ടാമത് റിപ്പോർട്ടിന്മേലുള്ള അനന്തര നടപടികൾ സംബന്ധിച്ച് | 19026/NRKWC1/12/Leg. |
| 38 | പ്രവാസി ക്ഷേമനിധി അംഗത്വ കാർഡ് ലഭിക്കാത്തത് സംബന്ധിച്ച് ശ്രീ. ടി. വി. അബ്ദുറസാഖ്, ഗുരുവായൂർ സമർപ്പിച്ച ഹർജി | 19571/NRKWC1/12/Leg. |
| 39 | പ്രവാസി മലയാളികളുടെ വിവിധ ആവശ്യങ്ങൾ സംബന്ധിച്ച് ശ്രീ. എ. എ. അബ്ദുള്ളക്കുട്ടി, വിദേശ മലയാളി അസോസിയേഷൻ ജനറൽ സെക്രട്ടറി സമർപ്പിച്ച ഹർജി | 19573/NRKWC1/12/Leg. |
| 40 | 60 വയസ്സ് കഴിഞ്ഞ് മടങ്ങിവന്ന പ്രവാസി കൾക്ക് പെൻഷൻ നൽകണമെന്നാവശ്യപ്പെട്ട് ശ്രീ. അച്ചുതൻ, സി. കെ., തൃശ്ശൂർ സമർപ്പിച്ച ഹർജി | 21411/NRKWC1/12/Leg. |
| 41 | വീട് വയ്ക്കുവാൻ സഹായം, രണ്ട് രൂപയ്ക്ക് അരി എന്നീ ആവശ്യങ്ങൾ സംബന്ധിച്ച് ശ്രീമതി ആയിശ്ശബി, കോഴിക്കോട് സമർപ്പിച്ച ഹർജി | 12175/NRKWC2/11/Leg. |
| 42 | പ്രവാസി മലയാളികളുടെ വിവിധ ആവശ്യങ്ങൾ സംബന്ധിച്ച് ശ്രീ. അബൂബക്കർ, സി. എച്ച്., കോഴിക്കോട് സമർപ്പിച്ച ഹർജി | 12179/NRKWC2/11/Leg. |
| 43 | വസ്തു തട്ടിയെടുക്കാൻ ശ്രമിക്കുന്നയാൾ ക്കെതിരെ നടപടി ആവശ്യപ്പെട്ട് ശ്രീ. റ്റി. മോഹനൻ നായർ, തിരുവനന്തപുരം സമർപ്പിച്ച ഹർജി | 16504/NRKWC2/11/Leg. |
| 44 | പ്രവാസികളുടെ വിവിധ ആവശ്യങ്ങൾ സംബന്ധിച്ച് ശ്രീ. പി. കെ. എസ്. മുജീബ് ഹസൻ, മലപ്പുറം സമർപ്പിച്ച ഹർജി | 17427/NRKWC2/11/Leg. |
| 45 | പ്രവാസികളുടെ വിവിധ ആവശ്യങ്ങൾ സംബന്ധിച്ച് ശ്രീ. പ്രദീപ് മേനോൻ, ജില്ലാ സെക്രട്ടറി, കേരള പ്രവാസി ഫെഡറേഷൻ, മലപ്പുറം ജില്ലാ കമ്മിറ്റി സമർപ്പിച്ച ഹർജി | 17431/NRKWC2/11/Leg. |

| (1) | (2) | (3) |
|---|---|---|
| 46 | പ്രവാസികളുടെ വിവിധ ആവശ്യങ്ങൾ സംബന്ധിച്ച് ശ്രീ. അഷ്റഫ്, കുളത്തിങ്ങൽപ്പാറ സമർപ്പിച്ച ഹർജി | 17437/NRKWC2/11/Leg. |
| 47 | സാമ്പത്തികസഹായം ആവശ്യപ്പെട്ട് ശ്രീ. വി. എച്ച്. മുസ്തഫ, വലിയകത്ത് ഹൗസ്, പാലക്കാട് ജില്ല സമർപ്പിച്ച ഹർജി | 17444/NRKWC2/11/Leg. |
| 48 | പ്രവാസികളുടെ വിവിധ ആവശ്യങ്ങൾ സംബന്ധിച്ച് ശ്രീ. ഹനീഫ മുന്നിയൂർ, ജനറൽ സെക്രട്ടറി, പ്രവാസി ലീഗ്, മലപ്പുറം ജില്ലാ കമ്മിറ്റി സമർപ്പിച്ച ഹർജി | 17562/NRKWC2/11/Leg. |
| 49 | പ്രവാസികളുടെ വിവിധ ആവശ്യങ്ങൾ സംബന്ധിച്ച് ശ്രീ. പി. പി. സുന്ദരൻ, ജനറൽ സെക്രട്ടറി, ഗൾഫ് റിട്ടേണീസ് വെൽഫെയർ അസോസിയേഷൻ, കാസർഗോഡ് സമർപ്പിച്ച ഹർജി | 11634/NRKWC2/12/Leg. |
| 50 | കുറഞ്ഞ പലിശനിരക്കിൽ ബാങ്ക് വായ്പ അനുവദിക്കണമെന്നാവശ്യപ്പെട്ട് ശ്രീ. റ്റി. എം. ഗഫൂർ, കാസർഗോഡ് സമർപ്പിച്ച ഹർജി | 11675/NRKWC2/12/Leg. |
| 51 | പ്രവാസികളുടെ വിവിധ ആവശ്യങ്ങൾ സംബന്ധിച്ച് കേരള പ്രവാസി സംഘം ജനറൽ സെക്രട്ടറി ശ്രീ. ഹനീഫ പെരുമ്പ സമർപ്പിച്ച ഹർജി | 11677/NRKWC2/12/Leg. |
| 52 | സൗജന്യചികിത്സയ്ക്ക് ഗ്രീൻ ഹെൽത്ത് കാർഡ് അനുവദിക്കണമെന്നാവശ്യപ്പെട്ട് കേരള പ്രവാസി ലീഗ് ചെങ്കള പഞ്ചായത്ത് കമ്മിറ്റി പ്രസിഡന്റ് ശ്രീ. കെ. എം. അബ്ദുള്ള സമർപ്പിച്ച ഹർജി | 11684/NRKWC2/12/Leg. |
| 53 | വിസാതട്ടിപ്പിനിരയായി തിരിച്ചെത്തുന്നവരുടെ ബാങ്ക് വായ്പ എഴുതിത്തള്ളണമെന്ന് ആവശ്യപ്പെട്ട് ശ്രീ. ജലീൽ, പി. കെ., കാസർഗോഡ് സമർപ്പിച്ച ഹർജി | 11686/NRKWC2/12/Leg. |
| 54 | ചെറുകിട സംരംഭത്തിനായി പലിശരഹിത വായ്പ അനുവദിക്കണമെന്നാവശ്യപ്പെട്ട് ശ്രീ. ഷെരീഫ്, ചെർക്കള, കാസർഗോഡ് സമർപ്പിച്ച ഹർജി | 11693/NRKWC2/12/Leg. |

| (1) | (2) | (3) |
|---|---|---|
| 55 | മാഫിയാ സംഘത്തിൽ നിന്നും പ്രശ്നങ്ങൾ നേരിടുന്നത് സംബന്ധിച്ച് ശ്രീ. ജയകുമാർ കേശവപിള്ള, ഗുജറാത്ത് സമർപ്പിച്ച ഹർജി | 12347/NRKWC2/12/Leg. |
| 56 | പ്രവാസികളുടെ വിവിധ ആവശ്യങ്ങൾ സംബന്ധിച്ച് ശ്രീ. എ. പ്രസാദ്കുമാർ, പ്രവാസി മലയാളി വെൽഫെയർ അസോസിയേഷൻ ജില്ലാ സെക്രട്ടറി സമർപ്പിച്ച ഹർജി | 12788/NRKWC2/12/Leg. |
| 57 | പ്രവാസി ക്ഷേമനിധി അംഗത്വം ലഭിക്കുന്നത് സംബന്ധിച്ച് ശ്രീമതി രമാസോമൻ, പത്തനംതിട്ട സമർപ്പിച്ച ഹർജി | 12790/NRKWC2/12/Leg. |
| 58 | 60 വയസ്സിന് മുകളിലുള്ള പ്രവാസികൾക്ക് പെൻഷനും സൗജന്യ വൈദ്യസഹായവും ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് ശ്രീ. സി. എ. ചാക്കോ, പത്തനംതിട്ട സമർപ്പിച്ച ഹർജി | 13033/NRKWC2/12/Leg. |
| 59 | വരുമാനമാർഗ്ഗമായിരുന്ന പലചരക്കുകട നഷ്ടപ്പെട്ടതു സംബന്ധിച്ച് ശ്രീ. കെ. വി. ഗണേഷ്, മുംബൈ സമർപ്പിച്ച ഹർജി | 14083/NRKWC2/12/Leg. |
| 60 | സമിതി (2011-14)-യുടെ ഒന്നാമത് റിപ്പോർട്ട് അനന്തര നടപടികൾ സംബന്ധിച്ച് | 17619/NRKWC2/12/Leg. |
| 61 | വീടിന്റെ പുറത്തേക്കു തള്ളിനിൽക്കുന്ന സൺഷേഡ് മുറിച്ചു മാറ്റണമെന്ന പഞ്ചായത്ത് സെക്രട്ടറിയുടെ നിർദ്ദേശത്തിനെതിരെ ശ്രീ. റജിമോൻ, പി. ടി., സൗദിഅറേബ്യ സമർപ്പിച്ച ഹർജി | 17695/NRKWC2/12/Leg. |
| 62 | ഗൾഫിൽവച്ച് മകൻ കൊല്ലപ്പെട്ട കേസിന്റെ തുടർനടപടികൾ സംബന്ധിച്ച് ശ്രീ. എൻ. വൈ. ഡേവിസ്, തൃശ്ശൂർ സമർപ്പിച്ച ഹർജി | 19570/NRKWC2/12/Leg. |
| 63 | പ്രവാസികളുടെ വിവിധ ആവശ്യങ്ങൾ സംബന്ധിച്ച് ശ്രീ. എം. കെ. ശശിധരൻ, കേരള പ്രവാസി സംഘം ജില്ലാ സെക്രട്ടറി, തൃശ്ശൂർ സമർപ്പിച്ച ഹർജി | 19572/NRKWC2/12/Leg. |

| (1) | (2) | (3) |
|---|---|---|
| 64 | ODEPEC-ന്റെ പ്രവർത്തനങ്ങൾ വിപുലീകരിക്കുന്നത് സംബന്ധിച്ച് ജിജു ആന്റോ താഞ്ചൻ, തൃശ്ശൂർ സമർപ്പിച്ച ഹർജി | 19574/NRKWC2/12/Leg. |
| 65 | പ്രവാസികൾക്ക് ചെറുകിട ബിസിനസ്സ് തുടങ്ങുന്നതിന് സഹായം നൽകണമെന്നാവശ്യപ്പെട്ട് ശ്രീ. വിൽസൺ, ടി. കെ., തൃശ്ശൂർ സമർപ്പിച്ച ഹർജി | 21412/NRKWC2/12/Leg. |
| 66 | പിതാവിന്റെ മരണാനന്തര നഷ്ടപരിഹാര തുക ലഭ്യമാകാത്തത് സംബന്ധിച്ച് ശ്രീമതി രമാദേവി, ഇ. ജെ., തൃശ്ശൂർ സമർപ്പിച്ച ഹർജി | 21414/NRKWC2/12/Leg. |
| 67 | എംപ്ലോയ്മെന്റ് വിസ ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് ശ്രീ. ജറാൾ ജോൺസൺ, ശക്തികുളങ്ങര, കൊല്ലം സമർപ്പിച്ച ഹർജി | 12949/NRKWC2/13/Leg. |
| 68 | പ്രവാസികളുടെ വിവിധ ആവശ്യങ്ങൾ സംബന്ധിച്ച് ശ്രീ. കെ. ഹുമയൂൺ കബീർ, പ്രവാസി സംഘം ജില്ലാ കമ്മിറ്റി മെമ്പർ, കൊല്ലം സമർപ്പിച്ച ഹർജി | 12950/NRKWC2/13/Leg. |
| 69 | ജീവനും സ്വത്തിനും സംരക്ഷണം ആവശ്യപ്പെട്ട് ശ്രീ. സാം കുഞ്ഞ് ജോർജ്ജ് & സാലി ചാക്കോ, കൊട്ടാരക്കര സമർപ്പിച്ച ഹർജി | 12951/NRKWC2/13/Leg. |
| 70 | പ്രവാസികളുടെ വിവിധ ആവശ്യങ്ങൾ സംബന്ധിച്ച് ശ്രീ. യു. അബ്ദുൽസലാം, പ്രവാസി ലീഗ് ജില്ലാ പ്രസിഡന്റ്, കൊല്ലം സമർപ്പിച്ച ഹർജി | 12952/NRKWC2/13/Leg. |
| 71 | ഇൻഷ്വറൻസ് ധനസഹായം അഭ്യർത്ഥിച്ച് ശ്രീമതി റീത്ത സ്റ്റീഫൻ ജോർജിയാന, കൊല്ലം സമർപ്പിച്ച ഹർജി | 12953/NRKWC2/13/Leg. |
| 72 | ധനസഹായം അഭ്യർത്ഥിച്ച് ശ്രീ. ചന്ദ്രബാബു, നീണ്ടകര, കൊല്ലം സമർപ്പിച്ച ഹർജി | 12954/NRKWC2/13/Leg. |
| 73 | പ്രവാസികളുടെ വിവിധ ആവശ്യങ്ങൾ സംബന്ധിച്ച് കേരള പ്രവാസി വെൽഫെയർ ഓർഗനൈസേഷൻ സംസ്ഥാന കമ്മിറ്റി സമർപ്പിച്ച ഹർജി | 12955/NRKWC2/13/Leg. |

| (1) | (2) | (3) |
|---|---|---|
| 74 | മകന്റെ ഇൻഷ്വറൻസ് തുക ലഭ്യമാക്കണ മെന്നാവശ്യപ്പെട്ട് ശ്രീ. ധർമ്മരാജൻ പിള്ള, മുഖത്തല, കൊല്ലം സമർപ്പിച്ച ഹർജി | 12956/NRKWC2/13/Leg. |
| 75 | പ്രവാസികളുടെ വിവിധ ആവശ്യങ്ങൾ സംബന്ധിച്ച് കേരള പ്രവാസി വെൽഫെയർ അസോസിയേഷൻ, കൊല്ലം സമർപ്പിച്ച ഹർജി | 12957/NRKWC2/13/Leg. |
| 76 | പുതിയ പാസ്പോർട്ട് എടുക്കുവാനുള്ള നിയമസഹായം ആവശ്യപ്പെട്ട് ശ്രീ. കൃഷ്ണൻ കുട്ടി രാജൻ, കൊല്ലം സമർപ്പിച്ച ഹർജി | 12958/NRKWC2/13/Leg. |
| 77 | പ്രവാസി ക്ഷേമനിധി അംഗത്വം ലഭ്യമാക്കണ മെന്ന് ആവശ്യപ്പെട്ട് ശ്രീ. ഡി. മോഹനൻ, കൊല്ലം സമർപ്പിച്ച ഹർജി | 13296/NRKWC2/13/Leg. |

അനുബന്ധം II

## റിപ്പോർട്ട് വിവരം ഹർജിക്കാരെ അറിയിച്ച് നടപടി അവസാനിപ്പിച്ച ഹർജികൾ സംബന്ധിച്ച സ്റ്റേറ്റ്മെന്റ്

| *ക്രമ നമ്പർ* | *വിഷയം* | *ഫയൽ നമ്പർ* |
|---|---|---|
| (1) | (2) | (3) |
| 1 | പെൻഷൻ അനുവദിക്കണമെന്നാവശ്യപ്പെട്ട് ശ്രീ. ചന്ദ്രൻ നായർ, തൃശ്ശൂർ സമർപ്പിച്ച ഹർജി | 11856/NRKWC1/11/Leg. |
| 2 | പുനരധിവാസം ആവശ്യപ്പെട്ട് ശ്രീ. ചെറിയ ബാവ, മലപ്പുറം സമർപ്പിച്ച ഹർജി | 12149/NRKWC1/11/Leg. |
| 3 | പ്രവാസികളുടെ വിവിധ ആവശ്യങ്ങൾ സംബന്ധിച്ച് ശ്രീ. കെ. പി. ഉസ്സയിൻ, കോഴിക്കോട് സമർപ്പിച്ച ഹർജി | 12174/NRKWC1/11/Leg. |
| 4 | പ്രവാസികളുടെ വിവിധ ആവശ്യങ്ങൾ സംബന്ധിച്ച് ശ്രീ. വി. പി. മുഹമ്മദ് മാസ്റ്റർ, കൊടുവള്ളി സമർപ്പിച്ച ഹർജി | 12181/NRKWC1/11/Leg. |
| 5 | ക്ഷേമനിധി അംഗത്വം ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് ശ്രീ. ജേക്കബ്, തൃശ്ശൂർ സമർപ്പിച്ച ഹർജി | 12292/NRKWC1/11/Leg. |
| 6 | പ്രവാസികളോടുള്ള അവഗണനയും അവകാശ നിഷേധവും സൂചിപ്പിച്ച് ശ്രീ. മുഹമ്മദ് മുസ്തഫ, കുവൈത്ത് സമർപ്പിച്ച ഹർജി | 17076/NRKWC1/11/Leg. |
| 7 | പ്രവാസികളുടെ വിവിധ ആവശ്യങ്ങൾ സംബന്ധിച്ച് ശ്രീ. വി. കെ. അബ്ദുൾ ഗഫൂർ, മലപ്പുറം സമർപ്പിച്ച ഹർജി | 17432/NRKWC1/11/Leg. |
| 8 | മടങ്ങിവന്ന പ്രവാസികളുടെ പുനരധിവാസം സംബന്ധിച്ച് ശ്രീ. ബഷീർ, കാസർഗോഡ് സമർപ്പിച്ച ഹർജി | 11689/NRKWC1/12/Leg. |
| 9 | പലിശരഹിതവായ്പ അനുവദിക്കണമെന്ന് ആവശ്യപ്പെട്ട് ശ്രീ. ഷാഫി ബേർക്ക, കാസർഗോഡ് സമർപ്പിച്ച ഹർജി | 11692/NRKWC1/12/Leg. |

| (1) | (2) | (3) |
|---|---|---|
| 10 | പലിശരഹിതവായ്പ അനുവദിക്കണമെന്ന് ആവശ്യപ്പെട്ട് ശ്രീ. സബീർ, സി. എ., കാസർഗോഡ് സമർപ്പിച്ച ഹർജി | 11694/NRKWC1/12/Leg. |
| 11 | മടങ്ങിവന്ന പ്രവാസികൾക്ക് നാട്ടിൽ ചെറുകിട ബിസിനസ്സ് തുടങ്ങുവാൻ ധനസഹായം അനുവദിക്കണമെന്നാവശ്യപ്പെട്ട് ശ്രീ. വിൽസൺ കല്ലൻ, തൃശ്ശൂർ സമർപ്പിച്ച ഹർജി | 21413/NRKWC1/12/Leg. |
| 12 | ധനസഹായം ആവശ്യപ്പെട്ട് ശ്രീ. ആർ. ബീരാൻ കോയ, കോഴിക്കോട് സമർപ്പിച്ച ഹർജി | 12145/NRKWC2/11/Leg. |
| 13 | വീട് വയ്ക്കുവാൻ 2 സെന്റ് സ്ഥലം ആവശ്യപ്പെട്ട് ശ്രീമതി എം. പി. അസ്മാബി, കോഴിക്കോട് സമർപ്പിച്ച ഹർജി | 12148/NRKWC2/11/Leg. |
| 14 | മകൾക്കും മരുമകനും പ്രവാസി ക്ഷേമ നിധിയിൽ അംഗത്വം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് ശ്രീ. കെ. ജനാർദ്ദനൻ, തൃശ്ശൂർ സമർപ്പിച്ച ഹർജി | 12370/NRKWC2/11/Leg. |
| 15 | എതിർകക്ഷി വിസാതട്ടിപ്പ് നടത്തുന്നതായി പരാതിപ്പെട്ട് ശ്രീ. എസ്. എൻ. നൗഷാദ്, പത്തടി, കൊല്ലം സമർപ്പിച്ച ഹർജി | 13891/NRKWC2/11/Leg. |
| 16 | പ്രവാസികളുടെ വിവിധ ആവശ്യങ്ങൾ സംബന്ധിച്ച് ശ്രീ. വി. എൻ. കുഞ്ഞാവ, മലപ്പുറം സമർപ്പിച്ച ഹർജി | 17429/NRKWC2/11/Leg. |
| 17 | ചെറുകിട ബിസിനസ്സ് തുടങ്ങുന്നതിന് സർക്കാർ ധനസഹായം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് ശ്രീ. അബ്ദുൾ ഷുക്കൂർ, മലപ്പുറം സമർപ്പിച്ച ഹർജി | 17435/NRKWC2/11/Leg. |
| 18 | ധനസഹായം ആവശ്യപ്പെട്ട് ശ്രീ. യു. അഹമ്മദ് കുട്ടി, മലപ്പുറം സമർപ്പിച്ച ഹർജി | 17446/NRKWC2/11/Leg. |
| 19 | സ്വയംതൊഴിലിനുള്ള സഹായം ആവശ്യപ്പെട്ട് ശ്രീ. പറമ്പത്ത് കമ്മു, മലപ്പുറം സമർപ്പിച്ച ഹർജി | 17549/NRKWC2/11/Leg. |

| (1) | (2) | (3) |
|---|---|---|
| 20 | പ്രവാസി ക്ഷേമനിധി അംഗത്വ കാർഡ് ലഭ്യമാക്കുന്നത് സംബന്ധിച്ച് ശ്രീ. ഹുസൈൻ മേലേതിൽ, കരിഞ്ചപ്പാടി സമർപ്പിച്ച ഹർജി | 17559/NRKWC2/11/Leg. |
| 21 | മടങ്ങിവന്ന പ്രവാസികൾക്ക് ധനസഹായം ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് ശ്രീ. സി. എ. അബ്ദുള്ളക്കുഞ്ഞിമാര, പ്രവാസി ലീഗ് ജനറൽ സെക്രട്ടറി, കാസർഗോഡ് സമർപ്പിച്ച ഹർജി | 11681/NRKWC2/12/Leg. |
| 22 | മകന് സ്കോളർഷിപ്പ് അനുവദിക്കണമെന്നാവശ്യപ്പെട്ട് ശ്രീ. ഇ. നാരായൺ, കാസർഗോഡ് സമർപ്പിച്ച ഹർജി | 11688/NRKWC2/12/Leg. |
| 23 | പ്രവാസി ക്ഷേമനിധിയിൽ ചേരുന്നതിനുള്ള ഫീസ് ഒഴിവാക്കണമെന്നാവശ്യപ്പെട്ട് ശ്രീ. നൗഷാദ് അലി, ചെമ്മനാട് ഗ്രാമപഞ്ചായത്ത് സമർപ്പിച്ച ഹർജി | 11690/NRKWC2/12/Leg. |
| 24 | വിവിധ ആവശ്യങ്ങൾ സംബന്ധിച്ച് ശ്രീ. അബ്ദുൾ റസാക്ക് തയ്യിലക്കണ്ടി, ദുബായ് സമർപ്പിച്ച ഹർജി | 11695/NRKWC2/12/Leg. |
| 25 | സംവരണ സർട്ടിഫിക്കറ്റ് അംഗീകരിക്കുന്നില്ലെന്നതു സംബന്ധിച്ച് ശ്രീ. കെ. ജി. വിശ്വനാഥൻ, ഡൽഹി സമർപ്പിച്ച ഹർജി | 13754/NRKWC2/12/Leg. |